പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*451

27.03.07-ൽ മറുപടിക്ക്

## ഐ.ആർ.ഡി.പി, എസ്.ജി.എസ്.വൈ പദ്ധതി ഉല്പന്നങ്ങൾക്ക് വിപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പുരുഷോത്തമൻ:<br>ശ്രീ.ജോർജ് എം.തോമസ് :<br>ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീ.ബി.രാഘവൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമ വികസനവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഐ.ആർ.ഡി.പി, എസ്.ജി.എസ്.വൈ എന്നീ പദ്ധതികൾ മുഖേന സഹായം ലഭിച്ച ഗുണഭോക്താക്കൾ തങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനാകാതെ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതുപരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (ബി) | ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം സഹായം ലഭിച്ച ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാനതലത്തിൽ ഗ്രാമീണ ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഉണ്ടാക്കുന്നതിനായി സംസ്ഥാനതലത്തിൽ കേരളാ റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്) പ്രവർത്തിച്ചു വരുന്നു.
2. എല്ലാ ജില്ലകളിലും ജില്ലാതല സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഏഴ് ജില്ലകളിൽ ഈ സൊസൈറ്റിയുടെ കീഴിൽ ഇപ്പോൾ ജില്ലാതല വിപണന കേന്ദ്രങ്ങൾ പ്രവർത്തനം നടത്തി വരുന്നു.
3. എസ്.ജി.എസ്.വൈ. പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് ചില ബ്ലോക്കുകളിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു.
4. ഓണക്കാലത്ത് ജില്ലാ തലത്തിൽ ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ വിപണന മേളകൾ സംഘടിപ്പിച്ചു വരുന്നു.

— — —

| | | | |
|---|---|---|---|
| | | | 5. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന സരസ് മേളകളിലും ഡൽഹിയിൽ നടക്കുന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിലെ 'സരസ്' പവിലിയനിലും ഗുണഭോക്താക്കളെ പങ്കെടുപ്പിച്ച് വിപണനം നടത്തുന്നതിന് അവസരം നൽകി വരുന്നു. |
| (സി) | കേരള റൂറൽ ഡെവലപ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്) ഇവരുടെ ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നുണ്ടോ ; | (സി) | നടത്താറുണ്ട്. |
| (ഡി) | എങ്കിൽ കേരംസ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | കുടുംബശ്രീ ഉൽപന്നങ്ങൾ, സ്വയം തൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഐ.ആർ.ഡി.പി ഉല്പന്നങ്ങളുടെ വില്പനയ്ക്കു | (ഇ) | ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങളുടെ |

വേണ്ടി കൂടുതൽ വിപണന മേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

വിപണനത്തിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സഹായത്തോടെ സംസ്ഥാനത്ത് 'സരസ്' മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

[illegible] ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 452 | 27.03.2007 ൽ മറുപടിയ്ക്ക്

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ നവീകരണം

**ചോദ്യം**

ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.പി.ജയരാജൻ
ശ്രീ.ബാബു എം.പാലിശ്ശേരി
ശ്രീ.അൽഫോൺസ് കണ്ണന്താനം
ശ്രീ.വി.ജെ.തങ്കപ്പൻ

**ഉത്തരം**

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി)

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി 5 മുനിസിപ്പൽ കോർപ്പറേഷനുകളും 14 നഗരസഭകളും 102 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടെ 121 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സേവന പ്രദാന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിർമ്മാണം, വാങ്ങൽ, മറ്റിനങ്ങൾ എന്നീ മൂന്നിനങ്ങളിലായാണ് ഭരണ നവീകരണ പരിപാടികൾ നടപ്പിലാക്കി വരുന്നത്. ഓഫീസ്, കോൺഫറൻസ് ഹാൾ, കെട്ടിടം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ, ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ, കമ്പ്യൂട്ടർ തുടങ്ങിയ വാങ്ങലുകൾ, ഇത് രണ്ടിലും പെടാത്ത മറ്റ് ചില പദ്ധതികൾ എന്നിവയാണ് പ്രധാനമായും ഇതിലൂടെ നടപ്പിലാക്കിവരുന്നത്.

(ബി) തദ്ദേശ സ്ഥാപനങ്ങൾക്കായി പബ്ലിക് വർക്ക്സ് മാന്വൽ, ബഡ്ജറ്റ് മാന്വൽ, അക്കൗണ്ട്സ് മാന്വൽ എന്നിവ തയ്യാറാക്കുന്ന പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അവ എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റ് മാന്വൽ, അക്കൗണ്ട്സ് മാന്വൽ എന്നിവയുടെ കരട് തയ്യാറായിട്ടുണ്ട്. പബ്ലിക് വർക്ക്സ് മാന്വലിന്റെ കരട് 2007 സെപ്റ്റംബറോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി മേൽപ്പറഞ്ഞ മാന്വലുകളി

(സി) ഗുണഭോക്തൃ സമിതികൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ ഉതകുന്ന തരത്തിലും, ജന

ൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളുടെ പൊതുസ്വഭാവവും കാഴ്ചപ്പാടും എന്താണെന്ന് വ്യക്തമാക്കുമോ;

പങ്കാളിത്തം, സുതാര്യത, സോഷ്യൽ ഓഡിറ്റ് എന്നീ ആശയങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ സാധ്യമായ രീതിയിലുമാണ് പബ്ളിക് വർക്ക്സ് മാന്വൽ തയ്യാറാക്കിവരുന്നത്. പ്രാദേശികമായ സവിശേഷതകൾക്കനുസൃതമായും വിവര സാങ്കേതിക വിദ്യ ഉപയോഗിക്കാൻ സാധിക്കുമാറും സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കുന്ന വിധത്തിലുമാണ് ബഡ്ജറ്റ് മാന്വലിന്റെയും അക്കൗണ്ട്സ് മാന്വലിന്റെയും കരട് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭരണ പരിഷ്ക്കാരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഭരണ പരിഷ്ക്കാരങ്ങൾ താഴെ പറയുന്നവയാണ്.

1. കൈമാറിക്കിട്ടിയ ഓഫീസുകളിലെ ഉദ്യോഗസ്ഥരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിപ്പിക്കുക;
2. ഗ്രാമസഭകളും വാർഡ് സഭകളും കാര്യക്ഷമമാക്കുക;
3. വലിയ പ്രോജക്ടുകളും പ്രോഗ്രാമുകളും ഏറ്റെടുക്കുക.
4. ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുക.
5. ജില്ലാ പ്ലാനുകൾക്ക് രൂപം കൊടുക്കുക.
6. പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിംഗ്, ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ് എന്നിവ കാര്യക്ഷമമാക്കുക;
7. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യനിർവ്വഹണത്തിനും പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക;
8. പൗരന് നൽകുന്ന സേവനങ്ങൾ, അവ

യുടെ ഗുണനിലവാരം, നിബന്ധനകൾ, ഫീസ്, സമയപരിധി, സുതാര്യത, പരാതി പരിഹാര സംവിധാനം എന്നിവയൊക്കെ ഉൾച്ചേർത്തുകൊണ്ട് മെച്ചപ്പെട്ട പൗരാവകാശ രേഖകൾ തയ്യാറാക്കുക.

9. ശ്രീ.വി.ജെ.തങ്കപ്പൻ എം.എൽ.എ അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ശുപാർശ ലഭിച്ചുകഴിഞ്ഞാൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.453 27.3.2007 ൽ മറുപടിയ്ക്ക്

"ഗോരക്ഷാ" പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. ആർ. സെൽവരാജ്: | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ മുഴുവൻ കന്നുകാലികളെയും കുളമ്പ് രോഗത്തിനെതിരായ പ്രതിരോധകുത്തിവയ്പ് നൽകുന്ന ഗോരക്ഷ പദ്ധതി പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; ഇതിനകം എത്ര കന്നുകാലികൾക്ക് കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്; | (എ) 2004-ൽ പ്രവർത്തനം ആരംഭിച്ച "ഗോരക്ഷാ" പദ്ധതിയിൽ മൂന്ന് ഘട്ടങ്ങളിലായി നാളിതുവരെ 72,20,560 കുത്തിവയ്പുകൾ നടത്തിയിട്ടുണ്ട്. |
| (ബി) കേരളത്തിലേക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്ക് കുളമ്പുരോഗ പരിശോധന നടത്തുന്നതിനും കുത്തിവയ്പ്പ് നൽകുന്നതിനും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ? | (ബി) കേരളത്തിലേക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്ക് കുളമ്പുരോഗമുണ്ടോ എന്നറിയുവാനുള്ള പ്രാഥമിക പരിശോധന നടത്താനുള്ള സംവിധാനം ചെക്ക് പോസ്റ്റുകളിൽ ഇപ്പോൾ നിലവിലുണ്ട്. ഉരുക്കളെ വെറ്ററിനറി സർജൻ പരിശോധിച്ചതിനുശേഷം രോഗമില്ലാത്തവയെ മാത്രം കടത്തിവിടുന്നു. അതിൽ തന്നെ 21 ദിവസം മുൻപ്തന്നെ കുളമ്പുരോഗപ്രതിരോധകുത്തിവയ്പ് നടത്തിയിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ അന്യസംസ്ഥാനങ്ങളിൽ നിന്നും മാംസ്യാവശ്യത്തിനായി |

കൊണ്ടുവരുന്ന ഉരുക്കളെ ചെക്ക് പോസ്റ്റുകളിലൂടെ കടത്തിവിടുന്നുള്ളൂ. ആയവസ്തുതന്നെ ചുവന്ന "ഇയർ ടാഗ്" ചെവിയിൽ ഇട്ടിട്ടാണ് കടത്തിവിടുന്നത്. ആയതുകൊണ്ടു തന്നെ കുത്തിവയ്പ്പു നൽകേണ്ട ആവശ്യം ചെക്ക് പോസ്റ്റുകളിലില്ല. ചെക്ക് പോസ്റ്റുകളിൽ കുത്തിവയ്പ്പ് എടുത്താലും 21 ദിവസത്തിനു ശേഷം മാത്രമേ പ്രതിരോധശേഷി കൈവരിക്കുകയുള്ളൂ. അതിനാൽ അന്നേ ദിവസം കുത്തിവയ്പ്പ് എടുക്കുന്നത് ശാസ്ത്രീയമായി ശരിയല്ല

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 454

27.3.2007-ൽ മറുപടിക്ക്

കൂടുതൽ വിമാന സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. ഉമ്മർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | | ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഇപ്പോൾ ഏതെല്ലാം വിമാന കമ്പനികൾ അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നുണ്ട്. | എ) | ഇൻഡ്യൻ, എയർ ഇൻഡ്യാ, എയർ ഇൻഡ്യ എക്സ്പ്രസ്, ശ്രീലങ്കൻ എയർലൈൻസ് |
| ബി) | ഈ വിമാനത്താവളത്തിൽ നിന്ന് ഗൾഫ് സെക്ടറുൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിന് വിമാന കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളെന്നു വ്യക്തമാക്കാമോ; | ബി) | ഇല്ല. |
| സി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കൂടുതൽ അന്താരാഷ്ട്ര വിമാന സർവ്വീസ് നടത്തുന്നതിന് മറ്റ് വിമാന കമ്പനികളെക്കൂടി അനുവദിച്ച് കൂടുതൽ യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ? | സി) | അന്താരാഷ്ട്ര വിമാന സർവ്വീസുകൾ ആരംഭിക്കുന്നത് ഇരു രാജ്യങ്ങളും തമ്മിൽ ഏർപ്പെടുന്ന ഉഭയ കക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:*455 — 27.03.2007-ൽ മറുപടിയ്ക്ക്

# ശാസ്ത്ര സാങ്കേതിക കൗൺസിൽ

**ചോദ്യം**
ശ്രീ. എ.പ്രദീപ്കുമാർ
ശ്രീ.എം.ഹംസ
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.വി.ശശികുമാർ
ശ്രീ. പി.വിശ്വൻ

**ഉത്തരം**
ശ്രീ.വി.എസ്.അച്യുതാനന്ദൻ
(ബഹു. മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാന സർക്കാരിന്റെ ശാസ്ത്ര നയത്തിലധിഷ്ഠിതമായ ശാസ്ത്ര സാങ്കേതിക ഉന്നമന പ്രവർത്തനങ്ങൾ. ശാസ്ത്ര സാങ്കേതിക പ്രചരണ പ്രവർത്തനങ്ങൾ, പ്രകൃതിയും പരിസ്ഥിതി പരിപാലനവും പരിപോഷണവും തുടങ്ങിയ പ്രവർത്തനങ്ങളാണ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി ചെയ്തു വരുന്നത്. |
| (ബി) ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുന്നതിന് കൗൺസിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സ്ക്കൂൾ കുട്ടികൾക്ക് ശാസ്ത്ര സംബന്ധമായ അഭിരുചി വളർത്താനും ശാസ്ത്ര ഗവേഷണ കൗതുകം വളർത്താനുമായി ശാസ്ത്ര പോഷിണി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി തിരഞ്ഞെടുത്ത സർക്കാർ സ്ക്കൂളുകളിൽ മാതൃകാ-ശാസ്ത്ര പരീക്ഷണ ശാലകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ക്കൂൾ കുട്ടികൾക്ക് ഗവേഷണ പ്രോജക്ടുകൾ ചെയ്യുന്നതിനായി ധനസഹായം നൽകുന്ന സ്ക്കീം ഫോർ പ്രമോഷൻ ഓഫ് യംഗ് ടാലന്റ്സ് ഇൻ സയൻസ് (SPYTiS) പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്ര മേഖലകളിൽ ഗവേഷണം നടത്തുന്നതിന് ഫെലോഷിപ്പും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശാസ്ത്ര മേഖലകളിൽ ഫെലോഷിപ്പ് നൽകുന്ന പദ്ധതി അനുസരിച്ച് എത്ര പേർക്ക് ഫെലോഷിപ്പ് നൽകിയിട്ടുണ്ട്; ഏതെല്ലാം ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഫെലോഷിപ്പുകൾ നൽകിയിട്ടുള്ളത്; | (സി) | മൊത്തം 45 പേർക്ക് ഫെല്ലോഷിപ്പ് നൽകിയിട്ടുണ്ട്. ജന്തുശാസ്ത്രം, സസ്യശാസ്ത്രം, ഗണിത ശാസ്ത്രം, ഭൗതിക ശാസ്ത്രം, രസതന്ത്രം, ഭൗമ ശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, എഞ്ചിനീയറിംഗ്, ബയോ ടെക്നോളജി, കാർഷിക ശാസ്ത്രം എന്നീ മേഖലകളിൽ നടത്തുന്ന ഗവേഷണങ്ങൾക്കാണ് ഫെലോഷിപ്പുകൾ നൽകിയിട്ടുള്ളത് |
| (ഡി) | ഗവേഷണ പദ്ധതികൾക്ക് 'ഗ്രാന്റ് - ഇൻ- എയ്ഡ്' നൽകുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | സംസ്ഥാനത്തെ വിവിധ ശാസ്ത്ര ലബോറട്ടറികൾ, സർവ്വകലാശാലകൾ, ഡിപ്പാർട്ടുമെന്റുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവക്ക് വ്യക്തിഗത ഗവേഷണം നടത്തുന്നതിന് സയൻസ് റിസർച്ച് സ്കീം(SRS), പരീക്ഷണ ശാലകളെ പരിപോഷിപ്പിക്കുന്നതിനായി അടിസ്ഥാനസൗകര്യവികസനത്തിന് വേണ്ട ഓഗുമെന്റേഷൻ സ്കീം (SARS), സാങ്കേതിക മേഖലയിൽ നല്ല ഗുണനിലവാരമുള്ള ഗവേഷണ പ്രോജക്ടുകൾ വിജയപ്രദമായി പൂർത്തിയാക്കുന്നതിനുവേണ്ടിയും സാങ്കേതിക വൈദഗ്ധ്യം വികസിപ്പിക്കുന്നതിനു വേണ്ടിയും എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി പ്രോഗ്രാം (ETP), ഗ്രാമീണ സാങ്കേതിക വികസനത്തിന് റൂറൽ ടെക്നോളജി പ്രോഗ്രാം(RTP) എന്നിവയിലൂടെ ഗ്രാന്റ് - ഇൻ - എയ്ഡും നൽകുന്നു. |
| (ഇ) | പ്രസ്തുത കൗൺസിലിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) | ഉണ്ട്. വിശദാംശങ്ങൾ രൂപീകരിച്ചു കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 456. | 27.3.2007-ൽ മറുപടിക്ക്

## കിലയുടെ പ്രവർത്തനം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി.<br>ശ്രീ.വി.ജെ. തങ്കപ്പൻ.<br>ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീമതി. പി. അയിഷാ പോറ്റി.<br>ശ്രീ.പി.ടി.എ.റഹീം. | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ നടത്തുന്ന പരിശീലന പരിപാടികൾ എന്തെല്ലാമാണ്. | (എ) ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ സംഘടനകൾ, പ്രാദേശിക ആസൂത്രണവും ഭരണവുമായി ബന്ധപ്പെട്ട മറ്റുള്ളവർ എന്നിവരുടെ കാര്യശേഷി വികസനത്തിനായുള്ള പരിപാടികളാണ് പ്രധാനമായും കില നടത്തുന്നത്. |
| (ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന എല്ലാ പദ്ധതികളെ സംബന്ധിച്ചും ഇവിടെ പരിശീലനം നല്കുന്നുണ്ടോ., | ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട കർത്തവ്യങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെക്കുറിച്ചും പൊതുവായും പ്രത്യേകമായും പരിശീലനം നല്കുന്നുണ്ട്. ഇത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും (നിർവ്വഹണ ഉദ്യോഗസ്ഥർ) മുൻഗണനാടിസ്ഥാനത്തിൽ നല്കി വരുന്നു. |
| (സി) ജനപ്രതിനിധികൾക്കു പുറമെ തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും പരിശീലനം നല്കുന്നതിന് സംവിധാനമുണ്ടോ., | സി) ജനപ്രതിനിധികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുവായ പരിശീലന പരിപാടികളും പ്രത്യേകമായ പരിശീലന പരിപാടികളും 'കില' നടത്തിവരുന്നു. ഏകദേശം 1,50,000 പേർക്കാണ് ഇത്തരത്തിൽ പരിശീലനം നല്കാനുള്ളത്. 'കില'യിലും |

'കില' യുടെ 14 ജില്ലാ കേന്ദ്രങ്ങളിലും തുടർച്ചയായി ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കാനുള്ള സംവിധാനമുണ്ട്.

(vi) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മുൻകാല ബഡ്ജറ്റുകളും യഥാർത്ഥ വരവു ചെലവുകളും പരിശോധിച്ച് യാഥാർത്ഥ്യ ബോധത്തോടെ സ്ഥാപനത്തിന്റെ ആവശ്യങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കി ബഡ്ജറ്റ് തയ്യാറാക്കുന്നതിലേക്കുള്ള പരിശീലനം നല്കുന്നതിന് 'കില' പദ്ധതി തയ്യാറാക്കുമോ?

vi) യാഥാർത്ഥ്യ ബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്, സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കുമായി 'കില' പ്രത്യേക പരിശീലനം നല്കി വരുന്നു.

ഡോക്ടർ കെ.ടി. ജലീൽ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *457. 27.03.2007- ൽ മറുപടിയ്ക്ക്.

'ഹരിയാലി' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.പാലോളി മുഹമ്മദ് കുട്ടി.<br>(ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) 'ഹരിയാലി' പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് വരുമാന മാർഗ്ഗവും കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പാക്കുക; ആവശ്യമായ ജലസേചന ലഭ്യത ഉറപ്പാക്കുന്നതിലൂടെ കൃഷി, മത്സ്യം വളർത്തൽ, മൃഗസംരക്ഷണം എന്നീ മേഖലകളുടെ സമഗ്ര വികസനം സാദ്ധ്യമാക്കുക; ദാരിദ്ര്യ നിർമ്മാർജ്ജനവും പരിസ്ഥിതി സന്തുലനവും സാക്ഷാത്ക്കരിക്കുക; തീക്ഷ്ണമായ കാലാവസ്ഥാവ്യതിയാനങ്ങൾ ഉളവാക്കുന്ന ആഘാതങ്ങളെ ലഘൂകരിക്കുക; കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക; തുടങ്ങിയവയാണ് ഹരിയാലി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) ഈ പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ് എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) ഹരിയാലി പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ പങ്കാളിത്തം വിഭാവനം ചെയ്യുന്നു. പദ്ധതി ഉൾപ്പെടുന്ന ബ്ലോക്ക് |

പഞ്ചായത്ത് നിർവ്വഹണ ഏജൻസി യാണ് (Programme Implementing Agency).

(സി) വരൾച്ച, വിളനാശം എന്നിവയെ പ്രതിരോധിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതിമൂലം കഴിഞ്ഞിട്ടുണ്ടോ;

(സി) യും (ഡി) യും

ഹരിയാലി പ്രോജക്ടുകൾ നീർത്തടാധിഷ്ഠിത പ്രോജക്ടുകളായിരിക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. വരൾച്ച, വിളനാശം എന്നിവയെ പ്രതിരോധിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഇടപെടൽ (Intervention) സാദ്ധ്യതകൾ ഈ പദ്ധതിയുടെ സവിശേഷതയാണ്. സംസ്ഥാനത്തിന് അനുവദിച്ചു കിട്ടിയ ഹരിയാലി പ്രോജക്ടുകൾ വിശദമായ പ്രോജക്ട് റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കുന്ന പ്രാരംഭ ഘട്ടത്തിലാണ്.

(ഇ) 'ഹരിയാലി' പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് എത്ര പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ട്; അവ ഏതെല്ലാം?

(ഇ) ഹരിയാലി പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് താഴെപ്പറയുന്ന 26 പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ട്.

| നം. | ബ്ലോക്ക് | ജില്ല | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | ദേവികുളം | ഇടുക്കി | 300.00 |
| 2. | ഒറ്റപ്പാലം, ചിറ്റൂർ | പാലക്കാട് | 300.00 |
| 3. | ഏറനാട് താലൂക്ക് | മലപ്പുറം | 300.00 |
| 4. | പാറശ്ശാല | തിരുവനന്തപുരം | 300.00 |
| 5. | പെരുങ്കടവിള | തിരുവനന്തപുരം | 300.00 |
| 6. | അഞ്ചൽ | കൊല്ലം | 182.82 |
| 7 | കോയിപ്പുറം | പത്തനംതിട്ട | 107.16 |

457



| | | | |
|---|---|---|---|
| 8. | വെളിയനാട് | ആലപ്പുഴ | 119.40 |
| 9. | മാടപ്പള്ളി (ഈസ്റ്റ്) | കോട്ടയം | 300.00 |
| 10. | ളാലം | കോട്ടയം | 300.00 |
| 11. | ഇളംദേശം | ഇടുക്കി | 300.00 |
| 12. | ഒല്ലൂക്കര | തൃശൂർ | 300.00 |
| 13. | മലമ്പുഴ | പാലക്കാട് | 300.00 |
| 14. | തിരൂരങ്ങാടി | മലപ്പുറം | 300.00 |
| 15. | പറക്കോട് | പത്തനംതിട്ട | 125.94 |
| 16. | കൊട്ടാരക്കര | കൊല്ലം | 133.08 |
| 17. | പന്തളം | പത്തനംതിട്ട | 222.84 |
| 18. | ആര്യാട് | ആലപ്പുഴ | 175.2 |
| 19. | മാടപ്പള്ളി (വെസ്റ്റ്) | കോട്ടയം | 648.90 |
| 20. | പഴയന്നൂർ | തൃശൂർ | 385.80 |
| 21. | ചേളന്നൂർ | കോഴിക്കോട് | 172.14 |
| 22. | അമ്പലപ്പുഴ | ആലപ്പുഴ | 341.10 |
| 23. | പട്ടണക്കാട് | ആലപ്പുഴ | 222.39 |
| 24. | നീലേശ്വരം | കാസർഗോഡ് | 364.00 |
| 25. | മഞ്ചേശ്വരം | കാസർഗോഡ് | 364.00 |
| 26. | ചടയമംഗലം | കൊല്ലം | 473.94 |

D. Sailaja Kumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 458 27-3-2007 -ൽ മറുപടിക്ക്

**ജനതാ ഹോട്ടലുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എം. ദിനേശ് മണി<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിരുന്ന ജനതാ ഹോട്ടലുകൾ പുനരാരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) ഇല്ല. |
| (ബി) ഹോട്ടലുകളിലെ വില വർദ്ധനവിൽ നിന്നും സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ആശ്വാസം നൽകുന്നതിനായി ഇക്കാര്യം സജീവമായി പരിഗണിക്കുമോ ? | (ബി) പൊതുജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന് ഹോട്ടൽ നടത്തുന്നതിനാവശ്യമായ മാനവശേഷിയോ, പ്രാവീണ്യമോ ഇല്ല. എന്നാൽ അടിയന്തിര ഘട്ടം സംജാതമായാൽ ആയതും പരിഗണിക്കുന്നതാണ്. |

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 459 — 27/03/2007-ൽ മറുപടിക്ക്

## മൂന്നു രൂപയ്ക്ക് ഒരു കിലോ അരി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.എഫ്. തോമസ്:<br>ശ്രീ. കെ. എം. മാണി :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>പ്രൊഫ. എൻ. ജയരാജ് : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി) |
| എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച മൂന്നു രൂപയ്ക്ക് ഒരു കിലോ അരി സ്കീം ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ അതിന്റെ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) | മൂന്നു രൂപയ്ക്ക് ഒരു കിലോ അരി സ്കീം ഇപ്പോഴും നിലവിലുണ്ട്. എ. എ. വൈ. സ്കീം അനുസരിച്ചുള്ള 5.96ലക്ഷം കുടുംബങ്ങൾ ഉൾപ്പെടെ 20.87 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്. |
| ബി) ഇതിലേക്ക് നിലവിലുള്ള ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; അതിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ? | (ബി) | മുൻസർക്കാർ ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആദ്യ ബഡ്ജറ്റിനെതുടർന്നുള്ള ധവള പത്രിക വഴി ഇതിനായി 90,16,99,000 രൂപ വക കൊള്ളിച്ചു. മൂന്നു സപ്ലിമെന്ററി ഡിമാന്റ് വഴി 48,50,00,000/- രൂപ കൂടി അനുവദിച്ചതിൻ പ്രകാരം മൊത്തം 1,38,66,99,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 1,32,91,72,364/- രൂപ ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 460

27/03/2007 - ൽ മറുപടിക്ക്

റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ

ചോദ്യം

ശ്രീ. എം. മുരളി ;
ശ്രീ. കെ. ബാബു ;
പ്രൊഫ. കെ.വി. തോമസ് ;
ശ്രീ. ജി. കാർത്തികേയൻ :

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

എ) സംസ്ഥാനത്ത് പുതുതായി റേഷൻ കടകൾ വഴി നൽകിയിട്ടുള്ള ഭക്ഷ്യ സാധനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ റേഷൻ കടകൾ വഴി പുതുതായി ഫോർട്ടിഫൈഡ് ആട്ടാ വിതരണം ചെയ്യുന്നുണ്ട്. നിലവിലുള്ള പദ്ധതികളനുസരിച്ച് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്. എല്ലാ ജില്ലകളിലെയും റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ടാ വിതരണം ചെയ്യുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) റേഷൻ കടകൾ വഴി നൽകുന്ന ഭക്ഷ്യ വസ്തുക്കൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പു വരുത്താനും ഇതു സംബന്ധിച്ച പ്രവർത്തനം വിലയിരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ബി) റേഷൻകടകൾ വഴി വിതരണം നടത്തുന്ന ഭക്ഷ്യ ധാന്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി മൊത്തവ്യാപാരികൾ എഫ്.സി.ഐ.യിൽ നിന്നും സ്റ്റോക്കെടുക്കുന്ന ദിവസങ്ങളിലും മൊത്ത വ്യാപാര ഡിപ്പോകളിൽ നിന്നും റേഷൻകടകളിലേക്ക് സ്റ്റോക്ക് എടുക്കുന്ന സമയത്തും പരിശോധനക്കായി റേഷനിംഗ് ഇൻസ്പെക്ടറുടെ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഡ്യൂട്ടിക്ക് നിയമിക്കുന്നു.

എഫ്.സി.ഐ-ൽ നിന്നും റേഷൻ സാധനങ്ങളുമായി പുറപ്പെടുന്ന വാഹനങ്ങളുടെ മുമ്പിലും പിറകിലും അവയുടെ വിശദ വിവരങ്ങൾ അടങ്ങിയ പോസ്റ്റർ പതിക്കുന്നു. പ്രതിമാസ റേഷൻ സാധനങ്ങളുടെ ആളോഹരി അളവും വിലയും പ്രമുഖ പത്രങ്ങൾ മുഖേന പ്രസിദ്ധീകരിക്കുന്നു. റേഷൻ സാധനങ്ങളുടെ അളവും വിലയും സംബന്ധിച്ചുള്ള ബഹു വർണ്ണ പോസ്റ്ററുകൾ സംസ്ഥാനത്തൊട്ടാകെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിലെ സംസ്ഥാന വിജിലൻസ് ആഫീസർ, സംസ്ഥാന, ജില്ലാ, താലൂക്ക് തലത്തിലുള്ള സ്ക്വാഡുകൾ എന്നിവർ നിരന്തരം പരിശോധനകളും റെയിഡുകളും നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:461 — 27..3..2007 ൽ മറുപടിയ്ക്ക്.

വിദേശ മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. കെ. എം. മാണി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) വിദേശമലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിന് സർവ്വേ ആരംഭിച്ചിട്ടുണ്ടോ; | (എ) നോർക്ക വകുപ്പും തിരുവനന്തപുരത്തെ സെൻറർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനവും സംയുക്തമായി വിദേശ മലയാളികളെ സംബന്ധിക്കുന്ന ഒരു ഡേറ്റാ ബേസ് തയ്യാറാക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി 12..1..2007-ലെ ജി.ഒ (ആർ.ടി) 3/07/നോർക്ക പ്രകാരം നൽകുകയു-ണ്ടായി. ഇതിൻെറ ആദ്യ ഗഡുവായി 25 ലക്ഷം രൂപ 20..3..2007 -ലെ ജി.ഒ. (ആർ.ടി)24/07/നോർക്ക പ്രകാരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് നൽകിയിട്ടുണ്ട്. ഡേറ്റാ ശേഖരണം ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) എങ്കിൽ അത് എന്നത്തേക്ക് പൂർത്തിയാകും; | (ബി) തുടങ്ങിക്കഴിഞ്ഞാൽ രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) സർവ്വേക്ക് വേണ്ടി നിലവിലുള്ള ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (സി) 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) സർവ്വേക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക വക മാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 462 — 27-03-2007 ൽ മറുപടിയ്ക്ക്

### ഉപഭോക്തൃ ക്ഷേമനിധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം.<br>ശ്രീ. അൽഫോൺസ് കണ്ണന്താനം.<br>ശ്രീ. എം.എം.മോനായി<br>ശ്രീ. മുരളി പെരുനെല്ലി.<br>ശ്രീമതി. കെ.എസ്.സലീഖ. | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |

(എ) കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുളള ഉപഭോക്തൃ ക്ഷേമ നിധിയുടെ മാതൃകയിൽ സംസ്ഥാനത്ത് ഉപഭോക്തൃ ക്ഷേമ നിധി രൂപീകരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്

(ബി) ഈ ക്ഷേമ നിധിയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുവാനും അതിലൂടെ ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ് ഈ ക്ഷേമ നിധി വിനിയോഗിക്കുന്നത്.

(സി) രജിസ്റ്റർ ചെയ്തിട്ടുളള ഉപഭോക്തൃ സംരക്ഷണ സമിതി, ഗ്രാമീണതല കൺസ്യൂമർ സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി ഫണ്ട് വിനിയോഗിക്കുമോ;

(സി) രജിസ്റ്റർ ചെയ്തിട്ടുളളതും ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്കാണ് ഈ ക്ഷേമ നിധിയിൽ നിന്ന് സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ക്ഷേമ നിധിയിലേക്ക് കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുകയാണ് ലഭിച്ചിട്ടുളളത്;

(ഡി) ക്ഷേമ നിധിയിലേക്ക് കേന്ദ്ര സർക്കാരിൽ നിന്നും 15 ലക്ഷം രൂപ ലഭിക്കുന്നതാണ്.

— — — —

| | | | |
|---|---|---|---|
| (ഇ) | **ഉപഭോക്താക്കളുടെ അവകാശം സംബന്ധിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?** | (ഇ) | ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിച്ച് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വാൾപോസ്റ്ററുകളും, ലഘുലേഖകളും അച്ചടിച്ചു വിതരണം ചെയ്യുക, ഉപഭോക്തൃ ദിനാചരണം/ വാരാചരണം സംഘടിപ്പിക്കുക, പൊതുയോഗങ്ങൾ, സെമിനാറുകൾ, ചർച്ചാ ക്ളാസ്സുകൾ എന്നിവ സംഘടിപ്പിക്കുക, സ്കൂളുകളിൽ ക്ളബുകൾ രൂപീകരിച്ച് അവബോധം വളർത്തുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 463 | 27-3-2007-ൽ മറുപടിക്ക്

## ഹെറിറ്റേജ് മേഖലയിലെ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. സുരേന്ദ്രൻ പിള്ള : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) 'ഹെറിറ്റേജ് സോൺ' - ൽ കെട്ടിടം പണിയുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തൊക്കെയാണ് ; | (എ) 1999-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 155-ാം ചട്ടം, 1968-ലെ സംസ്ഥാന പുരാവസ്തു സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ, നഗരാസൂത്രണ പദ്ധതികളിലെ നിയന്ത്രണങ്ങൾ എന്നിവയാണ് 'ഹെറിറ്റേജ് സോണിൽ കെട്ടിടം പണിയുന്നതിന് നിലവിലുള്ള നിയമങ്ങൾ |
| (ബി) നിലവിലുള്ള നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) പൈതൃക കെട്ടിടങ്ങളുടെയും പ്രദേശങ്ങളുടെയും സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി ഒരു സമഗ്ര നിയമം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) എങ്കിൽ അത്തരം മാറ്റങ്ങൾ എന്നു മുതൽ നിലവിൽ വരും ; | (സി) കേരള സംസ്ഥാനത്തിന് ഏകീകൃത നഗര ഗ്രാമാസൂത്രണ നിയമം തയ്യാറാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഈ ഏകീകൃത നിയമം പ്രാബല്യത്തിൽ വരുമ്പോൾ, അതിലെ വകുപ്പുകൾക്ക് കീഴിൽ സമഗ്രമായ |

-3-

ജൈവിക സംരക്ഷണ വ്യവസ്ഥകൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത മേഖലയിൽ താമസിക്കു ന്നവർക്ക് കെട്ടിടം പണിയുന്നതി നുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

(ഡി) ഉണ്ട്

സെക്ഷൻ ഓഫീസർ

4

## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 464 | 27..3..2007 ൽ മറുപടിയ്ക്ക്

## ഗൾഫ് നാടുകളിലെ മലയാളി തടവുകാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക<br>ശ്രീ.ജെ. അരുന്ധതി<br>ശ്രീ പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എ. എം. യൂസഫ്<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| **(എ)** വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെട്ട് ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന എത്ര മലയാളികൾ ഉണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | **(എ)** ഇത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| **(ബി)** ജയിലിൽ കഴിയുന്നവർ പ്രധാനമായും എന്തെല്ലാം കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരാണ്; | **(ബി)** മദ്യവില്പന, മദ്യപാനം, വഞ്ചന, വ്യാജരേഖ ചമയ്ക്കൽ, പണാപഹരണം, ലൈംഗികവും അധാർമ്മികവുമായ പ്രവൃത്തികൾ, ട്രാഫിക് അപകടങ്ങൾ, കൈക്കൂലി, കൊലപാതകം, അശ്ലീല ചിത്രങ്ങൾ കൈവശംവയ്ക്കൽ, മയക്കു മരുന്ന് സംബന്ധമായ കുറ്റകൃത്യങ്ങൾ, സ്പോൺസറിൽ നിന്ന് ഒളിച്ചോടൽ, ഗ്യാംബ്ളിംഗ് മുതലായ കാര്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരാണ് ജയിലുകളിൽ കഴിയുന്നവരിൽ കൂടുതലും. |
| **(സി)** ഇതിൽ വനിതകൾ എത്ര;<br><br>**(ഡി)** വിസ കാലാവധി കഴിഞ്ഞ് ശരിയത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവർ എത്ര പേരുണ്ട്; | **(സി യും ഡി യും)**<br>വിവരം ലഭ്യമല്ല. |

(........ ..2)

(ഇ) ഇവരുടെ മോചനത്തിനായി എംബസി മുഖേന എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

**(ഇ)** ഉണ്ട്. തടവിലായ കാര്യം ലഭിക്കുമ്പോൾ തന്നെ ബന്ധപ്പെട്ട എംബസി ആ രാജ്യത്തെ വിദേശകാര്യ മന്ത്രാലയത്തെ സമീപിക്കുകയും തടവുകാരുടെ എത്രയുംപെട്ടെന്നുള്ള മോചനത്തിനായി ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നു. ശിക്ഷാ കാലാവധി പൂർത്തിയാക്കിയ-വരുടെ മോചനത്തിനായി എംബസി-കൾ തദ്ദേശ അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കു-ന്നുണ്ട്. റംസാൻ മാസത്തിൽ മാനുഷിക പരിഗണനവച്ച് തടവുകാരുടെ മോചനാർത്ഥം പൊതുമാപ്പിനായി അപേക്ഷിക്കാറുണ്ട്. മരണശിക്ഷ വിധിക്കപ്പെട്ടവരുടെ വിവരം ലഭിച്ചാലുടൻ അതാത് ഗവൺമെന്റിലെ മുതിർന്ന അധികാരി-കൾ സമക്ഷം ദയാഹർജി സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) പ്രവാസി മലയാളികൾക്ക് നിയമോപദേശം ലഭ്യമാക്കുന്നതിനും കേസുകൾ നേരിടാൻ ചർച്ചകൾ ഏർപ്പെടുത്തുന്നതിനുമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

**(എഫ്)** ഇപ്പോൾ പ്രവാസി മലയാളികൾക്ക് നിയമോപദേശം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ സൗദി അറേബ്യപോലുള്ള രാജ്യങ്ങളിൽ സ്പോൺസർമാർക്കെതിരായ കേസിൽ പ്രവാസി മലയാളികൾക്കുവേണ്ടി വാദിക്കാനായി എംബസികളിലെ അറബി സംസാരിക്കുന്ന ഉദ്യോഗസ്ഥ-ന്മാരെ ലേബർ ക്യാമ്പുകളിലേയ്ക്ക് നിയോഗിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 465 | 27/03/2007 - ൽ മറുപടിയ്ക്ക്

### കേന്ദ്രസർക്കാരിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനത്തലവട്ടം ആനന്ദൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.പി.വിശ്വൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ അടിയന്തിരപ്രാധാന്യമുള്ള ഏതെല്ലാം വിഷയങ്ങളാണ് കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്; | (എ) | അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. |
| (ബി) | അതിൽ ഏതെല്ലാം കാര്യങ്ങളിൽ കേന്ദ്രസർക്കാർ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | അനുബന്ധം II -ൽ ചേർത്തിരിക്കുന്നു |
| (സി) | കേന്ദ്രസർക്കാർ ഉറപ്പ് നൽകിയിരുന്ന ഏതെങ്കിലും പദ്ധതികൾ ഇനിയും അനുവദിക്കാതെയുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | അനുവദിച്ചിട്ടില്ലാത്ത പദ്ധതികൾ ഇപ്പോഴും കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള അടിയന്തിരപ്രാധാന്യമുള്ള വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

I **കാർഷിക മേഖല**

1. വിദർഭ മോഡൽ കടാശ്വാസം കേരളത്തിലെ അഞ്ച് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച്
2. കർഷക കടാശ്വാസത്തിന് സംസ്ഥാന നിയമത്തിന്റെ മാതൃകയിൽ കേന്ദ്രത്തിൽ നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച്
3. സംസ്ഥാനത്തെ കേരകർഷകരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പാമോയിലിന്റെ ഇറക്കുമതി തീരുവ കുറയ്ക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം
4. കേരളത്തിലെ കുരുമുളകുകർഷകരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ദേശീയ വികസനസമിതിയുമായും, സംസ്ഥാന സർക്കാരുമായും ആലോചിക്കാതെ വിദേശ വ്യാപാരക്കരാറിൽ ഏർപ്പെടുന്നതിനെതിരെ

II **ജലവിഭവ മേഖല**

1. അതിവേഗ ജലസേചന ഗുണഭോക്തൃ പദ്ധതി (AIBP) യിൽ കേരളത്തെ ഉൾപ്പെടുത്തി ഗ്രാന്റ് 25%-ൽ നിന്നും 90% ആക്കി വർദ്ധിപ്പിക്കുന്നതിനു വേണ്ടി
2. കുട്ടനാട് ഭാഗത്തെ കാർഷിക, മത്സ്യബന്ധന, ജലവിഭവ, വിനോദസഞ്ചാര, പാരിസ്ഥിതിക പഠനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന് പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം

III **തുറമുഖ മേഖല**

1. വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റവും കുറഞ്ഞ ടെണ്ടറിന് സെക്യൂരിറ്റി ക്ലിയറൻസ് നൽകുന്നതിന് വേണ്ടി
2. പുതിയ നാല് മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി

IV **റെയിൽവേ**

റെയിൽവേ പ്രോജക്ടുകൾ കേരളത്തിൽ അനുവദിക്കുന്നതിനായി, പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനുവേണ്ടി, പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിനെതിരെ, പുതിയ റെയിൽവേ സോൺ അനുവദിക്കണമെന്നാവശ്യപ്പെട്ട് , തുടങ്ങി

V **ധനകാര്യ മേഖല**

1. ലഘുസമ്പാദ്യങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിന്
2. ലഘുസമ്പാദ്യ പദ്ധതിയിൽ കാര്യമായ കുറവ് വന്നിരിക്കുന്നതിനാൽ പൊതു വിപണിയിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും കടമെടുക്കുന്നതിന് അനുമതിക്കായി
3. ലക്കി വാറ്റ് സ്കീം നടപ്പാക്കുന്നതിനും, ചെക്കുപോസ്റ്റുകളുടെ ആധുനിക വത്ക്കരണത്തിനുമുള്ള ധനസഹായത്തിനുവേണ്ടി

VI **റവന്യൂ**

1. സുനാമി പുനരധിവാസ ധനസഹായ പദ്ധതിയിനത്തിൽ രണ്ടായിരം കോടി രൂപ അനുവദിക്കുന്നതിന് വേണ്ടി
2. ദുരന്തസാധ്യതകൂടിയ മേഖലകളിലെ പുനരധിവാസത്തിനായി 992 കോടി രൂപയുടെ ധനസഹായത്തിനായി

**VII** <u>ഗ്രാമവികസനം</u>

1 വയനാട്, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എല്ലാജില്ലകളിലും വ്യാപിപ്പിക്കുന്നതിന്

2 വയനാട്, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന "പിന്നോക്ക പ്രദേശ സഹായ നിധി " ഇടുക്കി, കാസർഗോഡ്, ആലപ്പുഴ ജില്ലകളിലേക്കും കൂടി വ്യാപിപ്പിക്കുന്നതിന്

3 ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണപദ്ധതിയുടെ കീഴിൽ നഗരപ്രദേശങ്ങളിലെ കൃഷിഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും, സ്റ്റാമ്പ്, രജിസ്ട്രേഷൻ ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതിനും വേണ്ടി

4 ഇന്ദിര ആവാസ് യോജന പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന ഭവന നിർമ്മാണ സഹായം ഉയർത്തണം എന്ന ആവശ്യം സംബന്ധിച്ച്

5 ചെറുകിട പരിമിതകർഷകരുടെ നെൽപ്പാടങ്ങളിലെ കാർഷിക പ്രവർത്തനങ്ങൾകൂടി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണം എന്നത് സംബന്ധിച്ച്. കൂടാതെ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഭവനനിർമ്മാണം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം

6 സമ്പൂർണ്ണ ശുചിത്വപദ്ധതിയിൽ 25% വിഹിതം ഖരമാലിന്യ നിർമ്മാർജ്ജനത്തിന് വിനിയോഗിക്കുന്നതിന് അനുമതി നൽകണം

7 സമ്പൂർണ്ണ ശുചിത്വപദ്ധതിയിൽ കിണറുകളുടെ കൈവരികെട്ടുന്നതിന് കിണറൊന്നിന് 3000 രൂപ നിരക്കിൽ പത്തുലക്ഷം കിണറുകൾക്ക് സഹായം ലഭ്യമാക്കണം

8 ചേരി നിർമ്മാർജ്ജനത്തിന് ഒരു സമഗ്ര പദ്ധതിയ്ക്കായി ഫണ്ട് ലഭ്യമാക്കാൻ

**VIII** <u>പട്ടികജാതി പട്ടിക വർഗ്ഗ വികസനം</u>

1 ഭൂമിയില്ലാത്ത ആദിവാസികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 700 കോടി രൂപയുടെ പദ്ധതിയിൽ പത്തു ശതമാനം സംസ്ഥാന വിഹിതം കഴിച്ചുള്ള 630 കോടി രൂപയുടെ കേന്ദ്ര വിഹിതം ലഭിക്കുന്നതിന്

**IX** <u>വ്യവസായം</u>

1 കശുവണ്ടി വികസനമേഖലയെ പുനരുദ്ധരിക്കുന്നതിന് 250 കോടി രൂപയുടെ ധനസഹായത്തിന്

2 സംസ്ഥാനത്ത് ടൈറ്റാനിയം പ്ലാന്റ് സ്ഥാപിക്കുന്നതിന്

3 സംസ്ഥാനത്തെ പൊതുമേഖല വ്യവസായങ്ങളുടെ വികസനത്തിനും അവയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും

**X** വിവര സാങ്കേതിക മേഖല

1 സംസ്ഥാനത്തുടനീളം "കോമൺ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി പ്രതിവർഷം പന്ത്രണ്ടു കോടി രൂപ വീതം നാലു വർഷത്തേക്ക് അനുവദിക്കുന്നതിന്

2 ട്രഷറി, ട്രാൻസ്പോർട്ട്, വ്യാപാര നികുതി വകുപ്പുകളിൽ മിഷൻ മോഡ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി

3 കണ്ണൂർ, പത്തനംതിട്ട, പാലക്കാട്, കോട്ടയം എന്നീ ജില്ലകളെ ഇലക്ട്രോണിക് ജില്ലകൾ (E-District) ആക്കുന്നതിനുള്ള പദ്ധതിക്ക്

4 സംസ്ഥാന ഡാറ്റാ സെന്ററിന് കേന്ദ്ര സഹായം ലഭിക്കുന്നതിന്

5 സംസ്ഥാനത്ത് വൈഡ് ഏരിയ നെറ്റ്‌വർക്ക് (WAN) കവറേജ് പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്

**XI** <u>വിദ്യാഭ്യാസം</u>

1 പാലക്കാട് ജില്ലയിൽ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് ഇന്ത്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സ്ഥാപിക്കുന്നതിനായി

2 ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ മാതൃകയിൽ തിരുവനന്തപുരത്ത് ഒരു ശാസ്ത്ര വിദ്യാഭ്യാസ ഗവേഷണ സ്ഥാപനം സ്ഥാപിക്കുന്നതിന്

3 സംസ്ഥാനത്ത് ഒരു നാനോ മോളിക്കുലർ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്

XII <u>തൊഴിലും പുനരധിവാസവും</u>

തേയില, കാപ്പി, ഏലം മേഖലകളുടെ പുനരുദ്ധാരണം സംബന്ധിച്ച്

XIII <u>ടൂറിസം</u>

1 വിവിധ ടൂറിസം പദ്ധതികൾക്കായുള്ള ധനസഹായം നേടുന്നതിനായി

2 CRZ നിയമങ്ങളിൽ ഭേദഗതിനൽകുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്

3 അന്താരാഷ്ട്ര ടൂറിസ്റ്റുകൾക്ക് എമിഗ്രേഷൻ ക്ലിയറൻസ് എളുപ്പമാക്കുന്നതിലേക്ക്

4 ടൂറിസവുമായി ബന്ധപ്പെട്ട് ജല ഗതാഗതത്തിനും ജല കേളികൾക്കും മറ്റും സൗകര്യം ഒരുക്കുന്നതിനായി

5 ടൂറിസ്റ്റുകൾക്ക് ഉപയോഗപ്രദമാകുന്ന ഏതാനും പുതിയ റയിൽ പാതകൾ ഉണ്ടാക്കുന്നതിലേക്കും സ്പെഷ്യൽ ട്രെയിനുകൾ അനുവദിക്കുന്നതിലേക്കും

6 വിസയുമായി ബന്ധപ്പെട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി കേന്ദ്ര വിദേശകാര്യ വകുപ്പിന്

XIV തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകി

XV കണ്ണൂർ വിമാനത്താവളത്തിന് അനുമതി ലഭിക്കുന്ന വിഷയം

തുടങ്ങി സംസ്ഥാനത്തെ ബാധിക്കുന്ന ഒട്ടനവധി വിഷയങ്ങളെക്കുറിച്ചും കേന്ദ്രസഹായം ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

## അനുബന്ധം - II

നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച നേട്ടങ്ങൾ താഴെപറയുന്നവയാണ്

**കാർഷിക മേഖല**

വിദർഭ മോഡൽ പാക്കേജ് വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു. ആലപ്പുഴയ്ക്കും ഇടുക്കിയ്ക്കും പ്രത്യേക പാക്കേജ് തത്വത്തിൽ അംഗീകരിച്ചു.

**ജലവിഭവ മേഖല**

ഡോ: എം.എസ്.സ്വാമിനാഥനെ ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്തെ കാർഷിക, മത്സ്യബന്ധന, ജലവിഭവ, വിനോദസഞ്ചാര, പാരിസ്ഥിതിക മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ചിരിക്കുന്നു.

**റെയിൽവേ**

റെയിൽവേയ്ക്ക് പാസഞ്ചർ കോച്ചുകൾ നിർമ്മിക്കുന്നതിനായി ആട്ടോകാസ്റ്റ് , സിൽക്ക് എന്നീ കമ്പനികളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുവാൻ റെയിൽവേ തീരുമാനിച്ചു. കൊല്ലത്ത് EMU സ്ഥാപിക്കാൻ തീരുമാനിച്ചു. പുതിയ തീവണ്ടികൾ, ഗരീബ്രഥ് ഉൾപ്പെടെ അനുവദിക്കാൻ സമ്മതിച്ചു.

**ധനകാര്യ മേഖല**

1500 കോടിരൂപ ആവശ്യപ്പെട്ടതിനു പകരം ലഘുസമ്പാദ്യപദ്ധതിയിൽ നിന്നും മറ്റു വായ്പകളിൽ നിന്നും 1000 കോടി രൂപ എടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നല്കി. ലക്കിവാറ്റ് സ്കീം തുടങ്ങുന്നതിലേയ്ക്കായി 5 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.

**റവന്യൂ മേഖല**

സംസ്ഥാനത്തിന്റെ ഒൻപത് തീരദേശജില്ലകളിൽ സുനാമി പുനരധിവാസത്തിനായി 1441 കോടി രൂപ അനുവദിച്ചു. പ്രകൃതി ക്ഷോഭമേഖലകളിൽ ദീർഘകാല പുനരധിവാസത്തിനായി 40 കോടി രൂപ പ്ലാനിംഗ് കമ്മിഷൻ വാഗ്ദാനം ചെയ്തു. 15 ലക്ഷം രൂപ കപ്പാസിറ്റി ബിൽഡിംഗ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ഇടുക്കി, കാസർഗോഡ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു.

**വ്യവസായ മേഖല**

കൊല്ലത്ത് ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഐ.എസ്.ആർ.ഒ 100 കോടി രൂപ നല്കി. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് (SCL), SAIL ന് കൈമാറുന്ന കാര്യം പരിഗണനയിലാണ്. സംസ്ഥാനത്തെ TELK, NTPC എന്നിവ തമ്മിലും, റെയിൽവേയും ആട്ടോ കാസ്റ്റും സിൽക്കും തമ്മിലും സംയുക്ത സംരംഭങ്ങൾ തുടങ്ങുവാൻ ധാരണയായിട്ടുണ്ട്. കൂടാതെ കെൽടെക് പ്രതിരോധവകുപ്പിന് കൈമാറുന്നതിനും തീരുമാനമായിട്ടുണ്ട്.

**വിവരസാങ്കേതിക വകുപ്പ് (അക്ഷയ പദ്ധതി പ്രകാരം)**

സംസ്ഥാനത്ത് 3128 കോമൺ സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിന് ധാരണയായിട്ടുണ്ട്.

**ടൂറിസം**

താഴെപ്പറയുന്ന ടൂറിസം പദ്ധതികൾക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്.

ഇക്കോടൂറിസം സർക്യൂട്ട്, ധർമ്മടം മുഴപ്പിലങ്ങാട് ബീച്ചിന്റെ വികസനം, പത്മനാഭപുരം കൊട്ടാരത്തിന്റെ സംരക്ഷണം, കുമരകത്തിന്റെ വികസനം, വാഗമണ്ണിന്റെ വികസനം, നെയ്യാർഡാമിന്റെ വികസനം, നിശാഗന്ധി നൃത്തോത്സവത്തിനുള്ള ധനസഹായം, എലിഫന്റ് ഫെസ്റ്റിവലുകൾക്കുള്ള ധനസഹായം, ഇരിങ്ങലിലെ ക്രാഫ്റ്റ് വില്ലേജിന്റെ വികസനം, മലങ്കരഡാമിന്റെ വികസനം, വാഴാനിയുടെ വികസനം, റാണിപുരത്ത് ഇക്കോടൂറിസത്തിന്റെ വികസനം, തലശ്ശേരിയുടെയും പരിസരപ്രദേശങ്ങളുടെയും ഹെറിറ്റേജ് സർക്യൂട്ട് വികസനം, പീച്ചിയിൽ ടൂറിസം വികസനം.

## പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.466 | 27-03-2007-ൽ മറുപടിയ്ക്ക്

### ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ നിയമനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എൻ. വാസവൻ:<br>ശ്രീ. എ. എം. യൂസഫ്:<br>ശ്രീ. സി. കെ. സദാശിവൻ:<br>ശ്രീ. എ. എം. ആരിഫ്: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>ബഹു: തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പല ജലാശയങ്ങളും ജലസ്രോതസ്സുകളും മാലിന്യ നിക്ഷേപത്തിനുള്ള കേന്ദ്രങ്ങളായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജലാശയങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ; | (ബി) പൊതുസ്ഥലങ്ങളും ജലാശങ്ങളും മലിനമാകുന്നത് തടയേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യചുമതലയിൽപ്പെട്ടതാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ഇക്കാര്യത്തിൽആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവണതകൾ തടയുന്നതിന് സാധ്യമായ എല്ലാ നിയമാനുസൃതമായ നടപടികളും സ്വീകരിക്കുന്നതാണ്. |
| (സി) ഇതു സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങൾ ബോധവത്ക്കരണം നടത്തുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശിക്ഷാർഹമായ കുറ്റമാക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ? | (ഡി) ജല സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് 1974 ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരം ഇപ്പോൾത്തന്നെ കുറ്റകരമാണ്. ജല സ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്ക് പിഴയും 6 വർഷം വരെ തടവുശിക്ഷയും ലഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.467 27-03-2007-ൽ മറുപടിക്ക്

<u>നഗര പുനരുദ്ധാരണ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) തലസ്ഥാന നഗരത്തിനും കൊച്ചിക്കും വേണ്ടി കേന്ദ്ര സഹായത്തോടെയുള്ള നഗരപുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകിക്കഴിഞ്ഞോ; | എ) രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| ബി. ഇല്ലെങ്കിൽ ഇതിനുവേണ്ടിയുള്ള രൂപരേഖ തയ്യാറാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ; | ബി) ബാധകമല്ല. |
| സി) ഈ പദ്ധതികൾക്കുവേണ്ടിയുള്ള കേന്ദ്ര ധനസഹായത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു;<br><br>ഡി) ഇനിയും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ബാക്കിയുണ്ട്; | സി) & ഡി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരുമായി മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് (MoA) ഒപ്പു വച്ചിട്ടുണ്ട്. അതനുസരിച്ച് ആജ്ഞാപരമായും തെരഞ്ഞെടുക്കാവുന്നതുമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതാണ് ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു. എന്നാൽ ഗവൺമെന്റ് ചില ഉപാധികളോടെയാണ് എം.ഒ.യു.ഒപ്പുവച്ചത് |
| ഇ) കേന്ദ്രം വാഗ്ദാനം നൽകിയ ധനസഹായം നഷ്ടപ്പെടാതിരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ? | ഇ) കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## നഗരപരിഷ്കാരങ്ങൾ:

### മാൻഡേറ്ററി(നിർബന്ധിത) പരിഷ്കാരങ്ങൾ:

(1) നഗരസഭകളിൽ അക്കൗണ്ടിംഗിനായി ആധുനികവും മികച്ചതുമായ ഡബിൾ എൻട്രി സിസ്റ്റം നടപ്പിലാക്കുക.

(2) നഗര തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിവിധ സേവനങ്ങൾക്ക് ജി.ഐ.എസ്., എം.ഐ.എസ്. തുടങ്ങിയ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ സൗകര്യങ്ങളുടെ സഹായത്തോടെ ഏർപ്പെടുത്തുന്ന ഇ-ഗവേണൻസ് സൗകര്യം.

(3) നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമാകത്തക്ക വിധത്തിൽ ജി.ഐ.എസ്.ഉപയോഗിച്ചുള്ള പ്രോപ്പർട്ടി ടാക്സ് പരിഷ്കാരവും പദ്ധതി കാലയളവിൽ ചുരുങ്ങിയത് 85% എങ്കിലും ടാക്സിന്റെ പിരിച്ചെടുക്കൽ നടപ്പാക്കാൻ വേണ്ട ക്രമീകരണങ്ങൾ.

(4) പദ്ധതി കാലയളവിനുള്ളിൽ പ്രവർത്തന അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് കണ്ടെത്തുക

(5) നഗരദരിദ്രർക്ക് അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിൽ തുക മാറ്റി വയ്ക്കൽ

(6) ദരിദ്രർക്ക് താങ്ങാവുന്ന വിലയ്ക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം, മെച്ചപ്പെട്ട സേവനങ്ങൾ ശുദ്ധജല ലഭ്യത, സാനിട്ടേഷൻ വിദ്യാഭ്യാസം, ആരോഗ്യം സാമൂഹ്യ സുരക്ഷിതത്വം എന്നീ മേഖലകളിൽ സർക്കാർ നിലവിൽ ലഭ്യമാക്കുന്ന സേവനങ്ങളുടെ ലഭ്യത.

## സംസ്ഥാന പരിഷ്കാരങ്ങൾ:

(1) 74-ാമത് ഭരണ ഘടനയിൽ വിഭാവന ചെയ്യുന്നതുപോലെയുള്ള വികേന്ദ്രീകരണ നടപടികളുടെ നടപ്പാക്കൽ.

(2) സ്റ്റാമ്പ് ഡ്യൂട്ടി പദ്ധതി കാലാവധിക്കുള്ളിലായി 5% തുകയിൽ താഴെയായി കുറച്ചുകൊണ്ടുവരുക.

(3) പൗരന്മാരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സാമൂഹ്യ പങ്കാളിത്ത നിയമം നടപ്പിലാക്കുക. നഗരപ്രദേശങ്ങളിൽ ഏരിയാ സഭ എന്ന ആശയം അവതരിപ്പിക്കുക.

## ഓപ്ഷണൽ പരിഷ്കാരങ്ങൾ (യഥേഷ്ടം തെരഞ്ഞെടുക്കാവുന്നത്):

(1) അർബൻ ലാന്റ് സീലിംഗ് ആന്റ് റഗുലേഷൻ ആക്ട് പിൻവലിക്കുക.

(2) വാടകക്കാരന്റേയും ഉടമകളുടെയും താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വാടക നിയന്ത്രണ നിയമങ്ങൾ ഭേദഗതി ചെയ്യുക.

(3) ത്രൈമാസ പ്രവർത്തന വിവരങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും നഗരതദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മധ്യകാല ധനകാര്യ പ്ലാൻ തയ്യാറാക്കുന്നതിനുമായി പബ്ലിക് ഡിസ്ക്ലോഷർ ലോ നടപ്പിലാക്കുക.

4. ഭൂവികസനം കെട്ടിടനിർമ്മാണം എന്നിവയുടെ അംഗീകാരത്തിനായി ബൈ-ലോ പരിഷ്കരിക്കുക.
5. കൃഷിഭൂമി കാർഷികേതരപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരെയുള്ള നിയമങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുക.
6. നഗരതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയുടെ ടൈറ്റിൽ സർട്ടിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുക
7. പൊതു സ്വകാര്യ ഏജൻസികളുടെ എല്ലാ ഹൗസിംഗ് പ്രോജക്ടുകളിലും വികസിപ്പിക്കുന്ന ഭൂമിയുടെ 20-25% സബ്സിഡിയോടുകൂടി EWS/LIG വിഭാഗങ്ങൾക്കായി മാറ്റിവയ്ക്കുക
8. വസ്തു രജിസ്ട്രേഷനിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുക
9. ഭാവിയിൽ ഉയർന്നുവരുന്ന എല്ലാ കെട്ടിടങ്ങളിലും മഴവെള്ള സംഭരണം നിർബന്ധമാക്കുവാനും ജല സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും ആവശ്യമായ മാറ്റങ്ങൾ വരുത്തുക.
10. റീസൈക്കിൾഡ് ജലം വീണ്ടും ഉപയോഗിക്കുവാനുള്ള നിയമങ്ങൾ.
11. വോളണ്ടറി റിട്ടയർമെന്റ്, റിട്ടയരമെന്റിലൂടെ ഒഴിവുവരുന്ന സ്ഥാപനങ്ങളിൽ പുനർനിയമനങ്ങൾ നടത്താതിരിക്കൽ തുടങ്ങിയ നടപടികളിലൂടെ ചെലവു കുറയുന്നതും ഇക്കാര്യത്തിൽ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതുമായ ഭരണപരമായ പരിഷ്കാരങ്ങൾ.
12. ഘടനാപരമായ പരിഷ്കാരങ്ങൾ

13. സ്വകാര്യ പൊതുമേഘലകളുടെ പാർട്ട്ണർ ഷിപ്പ് പ്രോത്സാഹിപ്പിക്കുക.

മുകളിൽ സൂചിപ്പിച്ച ഭേദഗതികളിൽ സംസ്ഥാന മന്ത്രിസഭ താഴെപ്പറയുന്നവ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്.

1. നിർബന്ധിത പരിഷ്കാരമായ സ്റ്റാമ്പ് ഡ്യൂട്ടി പദ്ധതി കാലയളവിനുള്ളിൽ 5% ആയി കുറയ്ക്കണമെന്നതും
2. ഓപ്ഷണൽ പരിഷ്കാരങ്ങളിൽ കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച നിയമഭേദഗതി വരുത്തുന്നതും
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിട്ടയർമെന്റ് മുഖേനയുണ്ടാകുന്ന ഒഴിവുകൾ നികത്താതെ ഭരണ ചെലവ് കുറയ്ക്കുന്നത് സംബന്ധിച്ചും ഭേദഗതി വരുത്തേണ്ടതാണ്."

S.O.

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 468 27..3..2007 ൽ മറുപടിയ്ക്ക്

## ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ കെ. ടി. ജലീൽ<br>ശ്രീ. പി. പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി. ശശികുമാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് മലയാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കാമോ; | **(എ)** ഉണ്ട്. ഒരു ജോലിക്കായി ഗൾഫ് നാടുകളിലേയ്ക്ക് വിമാനം കയറുന്ന അന്നുമുതൽ തിരിച്ച് നാട്ടിലെത്തുന്നതുവരെ വിവിധ തരത്തിലുള്ള പ്രശ്നങ്ങളാണ് ഗൾഫ് മലയാളികൾക്ക് നേരിടേണ്ടിവരുന്നത്. വാഗ്ദാനംചെയ്യപ്പെട്ട ജോലിയും വേതനവും ലഭിക്കാതിരിക്കുക, വാഗ്ദാനം ചെയ്യപ്പെട്ട ജോലിയേക്കാൾ പതിന്മടങ്ങ് കാഠിന്യമേറിയ ജോലികൾ ചെയ്യുവാൻ നിർബന്ധിതരാവുക, ചെയ്യുന്ന ജോലിക്ക് മാന്യമായ വേതനം ലഭിക്കാതിരിക്കുക, ജോലിസ്ഥലത്ത് മൃഗീയമായ മാനസിക-ശാരീരിക പീഡനങ്ങൾ ഏൽക്കേണ്ടി വരുക, ചെയ്യാത്ത കുറ്റങ്ങൾക്ക് കള്ളക്കേസുകളിൽപ്പെട്ട് ശിക്ഷ അനുഭവിക്കുവാൻ നിർബന്ധിതരാവുക, തൊഴിലുടമയിൽ നിന്നും ലഭിക്കുവാനുള്ള ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുക, തൊഴിൽ സംബന്ധമായ അപകടങ്ങളിലും മറ്റും പെട്ട് ദുരിതമനുഭവിക്കേണ്ടിവരുക. ശരിയാംവണ്ണമുള്ള ചികിത്സയോ, ധനസഹായമോ ലഭിക്കാതിരിക്കുക എന്നിവ ഇവയിൽ ചിലതുമാത്രം |
| (ബി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | **(ബി)** തൊഴിൽ നഷ്ടപ്പെട്ട് വിദേശത്ത് അലയുന്നവരെ കണ്ടുപിടിച്ച് നാട്ടിലെത്തിക്കുക, കള്ളക്കേസുകളിൽ കുടുങ്ങി ജയിലിലടയ്ക്കപ്പെട്ടവരെ മോചിപ്പിക്കുക, സ്പോൺസർ മാരുടെയും ഏജന്റുമാരുടെയും അനധികൃത തടങ്കലിൽ കഴിയുന്നവരെ മോചിപ്പിക്കുക, അപകടത്തിൽപ്പെട്ടവർക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കുക, തൊഴിൽ തർക്കങ്ങൾ ന്യായമായി പരിഹരിക്കുക, തൊഴിലുടമയിൽ നിന്നും ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ സഹായിക്കുക വിദേശത്ത് മരണമടഞ്ഞവരുടെ മൃതദേഹം കാലവിളംബം |

കൂടാതെ നാട്ടിലെത്തിക്കുക, അവർക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ അവരുടെ ബന്ധുക്കൾക്ക് എത്രയും വേഗം ലഭ്യമാക്കുക, തുടങ്ങിയ കാര്യങ്ങൾ ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായും, കോൺസുലേറ്റുകളുമായും ബന്ധപ്പെട്ട് സമയോചിതമായി ചെയ്തുവരുന്നുണ്ട്. കൂടാതെ തൊഴിൽതേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് സഹായിക്കുകയും ചെയ്തുവരുന്നുണ്ട്. സ്പോൺസർമാർ കയ്യൊഴിയുന്നവരെയും, അപകടങ്ങളിൽപ്പെടുന്ന വിദേശ മലയാളികളെയും നാട്ടിലെത്തിക്കുന്നതിനും, വിദേശത്ത് മരണമടഞ്ഞ താഴ്ന്ന വരുമാനക്കാരായ മലയാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുമായി സർക്കാർ 'എമർജൻസി റിപാർട്രിയേഷൻ ഫണ്ടിന" രൂപം നൽകിയിട്ടുണ്ട്. വിദേശ ജയിലുകളിൽ ദീർഘനാളത്തെ തടവ് അനുഭവിച്ച് നാട്ടിലേയ്ക്ക് പോരാനാകാതെ കഴിയുന്ന മലയാളികളെ കണ്ടുപിടിച്ച് നാട്ടിലെത്തിക്കുന്നതിനായി ഗൾഫിലെ എല്ലാ ഇന്ത്യൻ എമ്പസികളുമായി നിരന്തരം സമ്പർക്കം പുലർത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുവൈറ്റ് യുദ്ധകാലത്ത് നാട്ടിലേയ്ക്ക് പലായനം ചെയ്യേണ്ടിവന്ന നിരവധി കേരളീയർക്ക് അർഹമായ കുവൈറ്റ് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വരുമാനക്കാർ മുതൽ ഉയർന്ന വരുമാനക്കാർക്കുവരെ അനുയോജ്യമായ ഇൻഷ്വറൻസ് പദ്ധതികൾ, എൽ.ഐ.സിയുമായി യോജിച്ച് പ്രവാസി സ്വാശ്രയ് എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. അദ്യമായി വിദേശത്തു പോകുന്നവർക്കായി കേന്ദ്രസർക്കാർ നിർബന്ധമാക്കിയിട്ടുള്ള "പ്രവാസി ഭാരതീയ ബീമായോജന", ആരോഗ്യ-അപകട ഇൻഷുറൻസുകളും ഇതിലുൾപ്പെടും.

(സി) ഗൾഫ് മലയാളികളുടെ നാട്ടിലെ ബന്ധുക്കൾ അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പരാതികൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ട്. ഗൾഫ് മലയാളികളുടെ നാട്ടിലെ ബന്ധുക്കൾ അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അവരിൽ നിന്ന് നേരിട്ടും, എമ്പസികൾ മുഖേനയും ലഭിച്ചുവരുന്ന പരാതികളിൽ പരിഹാരം കാണുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകിവരുന്നുണ്ട്. നാട്ടിലുള്ള ബന്ധുജനങ്ങളുടെയും വസ്തുവകകളുടെയും സംരക്ഷണവും, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, തുടങ്ങിയവയിലാണ് പ്രധാനമായും പരാതികൾ ലഭിച്ചുവരുന്നത്. തിരുവനന്തപുരത്ത് സംസ്ഥാന പോലീസ്ആസ്ഥാനത്ത് ഒരു പോലീസ് സൂപ്രണ്ടിൻെറ നേതൃത്വത്തിൽ ഇത്തരം പരാതികൾ പരിശോധിക്കുന്നതിനും, പരിഹാരം കാണുന്നതിനുമായി ഒരു എൻ.ആർ.ഐ.സെൽ രൂപീകരിച്ചിട്ടുണ്ട്. ഗൾഫ് മലയാളികളുടെ മറ്റ് പരാതികൾ ബന്ധപ്പെട്ട ജില്ലാ

| | |
|---|---|
| | കളക്ടർമാർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും അടിയന്തിര അന്വേഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അവയിൻമേലുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുമായി അയച്ചുകൊടുക്കുന്നുണ്ട്. |
| (ഡി) അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ ചതിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി വിസകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | **(ഡി)** വിദേശ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികളുടെ വിസയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനുള്ള സംവിധാനം നോർക്കാ വകുപ്പിൽ ഇപ്പോൾത്തന്നെ നിലവിലുണ്ട്. വിസയുടെ നിജസ്ഥിതി അറിയുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ബന്ധപ്പെട്ട ഇന്ത്യൻ എംബസി മുഖേന അന്വേഷണം നടത്തിയാണ് നിജസ്ഥിതി മനസ്സിലാക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന വിവരം അന്വേഷകരെ ഉടനടി അറിയിക്കുകയും ചെയ്തുവരുന്നു. |
| (ഇ) ഗൾഫ് നാടുകളിലേക്കുള്ള വിമാനയാത്രക്കൂലി വർദ്ധനവ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതിന്റെ ഫലമായി യാത്രക്കൂലി കുറഞ്ഞിട്ടുണ്ടോ ? | **(ഇ)** ഗൾഫ് മേഖലയിലേയ്ക്കുള്ള വിമാനയാത്രക്കൂലി ഇടയ്ക്കിടെ വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിക്കടിയുള്ള വിമാനയാത്രക്കൂലി നിരക്കിലുള്ള വർദ്ധനവ് ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വ്യോമയാനം സംസ്ഥാന സർക്കാരിന്റെ വിഷയമല്ലാത്തതിനാൽ ഇതിന്മേൽ അന്തിമമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-469 | 27.03.07 ൽ മറുപടി നൽകേണ്ടത്

# കൺസൽട്ടേറ്റീവ് കമ്മിറ്റി പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.കെ.ദിവാകരൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. എ.സി.മൊയ്തീൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി. |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പഞ്ചായത്ത്/മുൻസിപ്പൽ നിയമങ്ങളും ചട്ടങ്ങളും പ്രയോഗത്തിൽ വരുത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച കൺസൽട്ടേറ്റീവ് കമ്മിററി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | കമ്മിറ്റി ഇതിനകം എത്ര യോഗങ്ങൾ ചേർന്നു ; | (ബി) | മൂന്ന് |
| (സി) | കമ്മിറ്റി ഇതിനകം നൽകിയിട്ടുള്ള നിർദ്ദേശങ്ങളും ശുപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (സി) & (ഡി) | കമ്മിറ്റി, നിർദ്ദേശങ്ങൾക്ക് രൂപം നൽകി വരുന്നതേയുള്ളൂ. |
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 470 | 27/03/2007 - ൽ മറുപടിയ്ക്ക്

### കേന്ദ്രസർക്കാർ അനുവദിച്ച പദ്ധതി ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.ബാബുപോൾ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.കെ.രാജു | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രഗവൺമെന്റിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എത്ര നിവേദനങ്ങൾ നല്കി; അവ എന്തെല്ലാമാണ്; | (ബി) കേന്ദ്ര സർക്കാരിലേയ്ക്ക് നൽകിയ നിവേദനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. |
| (സി) ഓരോ നിവേദനത്തിന്റെയും അടിസ്ഥാനത്തിൽ ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) വിശദവിവരങ്ങൾ അനുബന്ധം II- ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

കേന്ദ്രഗവൺമെന്റിൽ നിന്നും വിവിധപദ്ധതികൾക്ക് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് നൽകിയ നിവേദനങ്ങൾ താഴെപ്പറയുന്നവയാണ്.

### I കാർഷിക മേഖല

1 വിദർഭ മോഡൽ കടാശ്വാസം കേരളത്തിലെ അഞ്ച് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച്

2 കർഷക കടാശ്വാസത്തിന് സംസ്ഥാന നിയമത്തിന്റെ മാതൃകയിൽ കേന്ദ്രത്തിൽ നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച്

3 സംസ്ഥാനത്തെ കേരകർഷകരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പാമോയിലിന്റെ ഇറക്കുമതി തീരുവ കുറയ്ക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം

4 കേരളത്തിലെ കുരുമുളകുകർഷകരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ദേശീയ വികസനസമിതിയുമായും, സംസ്ഥാന സർക്കാരുമായും ആലോചിക്കാതെ വിദേശ വ്യാപാരകരാറിൽ ഏർപ്പെടുന്നതിനെതിരെ

### II ജലവിഭവ മേഖല

1 അതിവേഗ ജലസേചന ഗുണഭോക്തൃ പദ്ധതി (AIBP) യിൽ കേരളത്തെ ഉൾപ്പെടുത്തി ഗ്രാന്റ് 25%-ൽ നിന്നും 90% ആക്കി വർദ്ധിപ്പിക്കുന്നതിനു വേണ്ടി

2 കുട്ടനാട് ഭാഗത്തെ കാർഷിക, മത്സ്യബന്ധന, ജലവിഭവ, വിനോദസഞ്ചാര, പാരിസ്ഥിതിക പഠനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന് പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം

### III തുറമുഖ മേഖല

1 വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റവും കുറഞ്ഞ ടെണ്ടറിന് സെക്യൂരിറ്റി ക്ലിയറൻസ് നൽകുന്നതിന് വേണ്ടി

2 പുതിയ നാല് മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി

### IV റെയിൽവേ

റെയിൽവേ പ്രോജക്ടുകൾ കേരളത്തിൽ അനുവദിക്കുന്നതിനായി പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനുവേണ്ടി പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിക്കുന്നതിനെതിരെ, പുതിയ റെയിൽവേ സോൺ അനുവദിക്കണമെന്നാവശ്യപ്പെട്ട് തുടങ്ങി

### V ധനകാര്യ മേഖല

1 ലഘുസമ്പാദ്യങ്ങളുടെ പലിശ നിരക്ക് ഉയർത്തുന്നതിന്

2 ലഘുസമ്പാദ്യ പദ്ധതിയിൽ കാര്യമായ കുറവ് വന്നിരിക്കുന്നതിനാൽ പൊതു വിപണിയിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും കടമെടുക്കുന്നതിന് അനുമതിക്കായി

3 ലക്കി വാറ്റ് സ്കീം നടപ്പാക്കുന്നതിനും, ചെക്കുപോസ്റ്റുകളുടെ ആധുനിക വൽക്കരണത്തിനുമുള്ള ധനസഹായത്തിനുവേണ്ടി

### VI റവന്യൂ

1 സുനാമി പുനരധിവാസ ധനസഹായ പദ്ധതിയിനത്തിൽ രണ്ടായിരം കോടി രൂപ അനുവദിക്കുന്നതിന് വേണ്ടി

2 ദുരന്തസാധ്യതകൂടിയ മേഖലകളിലെ പുനരധിവാസത്തിനായി 992 കോടി രൂപയുടെ ധനസഹായത്തിനായി

### VII ഗ്രാമവികസനം

1 വയനാട്, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എല്ലാജില്ലകളിലും വ്യാപിപ്പിക്കുന്നതിന്

2 വയനാട്, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന "പിന്നോക്ക പ്രദേശ സഹായ നിധി " ഇടുക്കി, കാസർഗോഡ്, ആലപ്പുഴ ജില്ലകളിലേക്കും കൂടി വ്യാപിപ്പിക്കുന്നതിന്

3 ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണപദ്ധതിയുടെ കീഴിൽ നഗരപ്രദേശങ്ങളിലെ കൃഷിഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും, സ്റ്റാമ്പ്, രജിസ്ട്രേഷൻ ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതിനും വേണ്ടി

4 ഇന്ദിര ആവാസ് യോജന പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന ഭവന നിർമ്മാണ സഹായം ഉയർത്തണം എന്ന ആവശ്യം സംബന്ധിച്ച്

5 ചെറുകിട പരിമിതകർഷകരുടെ നെൽപ്പാടങ്ങളിലെ കാർഷിക പ്രവർത്തനങ്ങൾക്കൂടി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണം എന്നത് സംബന്ധിച്ച്. കൂടാതെ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഭവനനിർമ്മാണം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം

6 സമ്പൂർണ്ണ ശുചിത്വ പദ്ധതിയിൽ 25% വിഹിതം ഖരമാലിന്യ നിർമ്മാർജ്ജനത്തിന് വിനിയോഗിക്കുന്നതിന് അനുമതി നൽകണം

7 സമ്പൂർണ്ണ ശുചിത്വപദ്ധതിയിൽ കിണറുകളുടെ കൈവരികെട്ടുന്നതിന് കിണറൊന്നിന് 3000 രൂപ നിരക്കിൽ പത്തുലക്ഷം കിണറുകൾക്ക് സഹായം ലഭ്യമാക്കണം

8 ചേരി നിർമ്മാർജ്ജനത്തിന് ഒരു സമഗ്ര പദ്ധതിയ്ക്കായി ഫണ്ട് ലഭ്യമാക്കാൻ

VIII <u>പട്ടികജാതി പട്ടിക വർഗ്ഗ വികസനം</u>

1 ഭൂമിയില്ലാത്ത ആദിവാസികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 700 കോടി രൂപയുടെ പദ്ധതിയിൽ പത്തു ശതമാനം സംസ്ഥാന വിഹിതം കഴിച്ചുള്ള 630 കോടി രൂപയുടെ കേന്ദ്ര വിഹിതം ലഭിക്കുന്നതിന്

IX <u>വ്യവസായം</u>

1 കശുവണ്ടി വികസനമേഖലയെ പുനരുദ്ധരിക്കുന്നതിന് 250 കോടി രൂപയുടെ ധനസഹായത്തിന്

2 സംസ്ഥാനത്ത് ടൈറ്റാനിയം പ്ലാന്റ് സ്ഥാപിക്കുന്നതിന്

3 സംസ്ഥാനത്തെ പൊതുമേഖല വ്യവസായങ്ങളുടെ വികസനത്തിനും അവയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും

X <u>വിവര സാങ്കേതിക മേഖല</u>

1 സംസ്ഥാനത്തുടനീളം "കോമൺ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി പ്രതിവർഷം പന്ത്രണ്ടു കോടി രൂപ വീതം നാലു വർഷത്തേക്ക് അനുവദിക്കുന്നതിന്

2 ട്രഷറി, ട്രാൻസ്പോർട്ട്, വ്യാപാര നികുതി വകുപ്പുകളിൽ മിഷൻ മോഡ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി

3 കണ്ണൂർ, പത്തനംതിട്ട, പാലക്കാട്, കോട്ടയം എന്നീ ജില്ലകളെ ഇലക്ട്രോണിക് ജില്ലകൾ (E-District) ആക്കുന്നതിനുള്ള പദ്ധതിക്ക്

4 സംസ്ഥാന ഡാറ്റാ സെന്ററിന് കേന്ദ്ര സഹായം ലഭിക്കുന്നതിന്

5 സംസ്ഥാനത്ത് വൈഡ് ഏരിയ നെറ്റ്‌വർക്ക് (WAN) കവറേജ് പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്

XI <u>വിദ്യാഭ്യാസം</u>

1 പാലക്കാട് ജില്ലയിൽ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സ്ഥാപിക്കുന്നതിനായി

2 ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ മാതൃകയിൽ തിരുവനന്തപുരത്ത് ഒരു ശാസ്ത്ര വിദ്യാഭ്യാസ ഗവേഷണ സ്ഥാപനം സ്ഥാപിക്കുന്നതിന്

| | | |
|---|---|---|
| XII | | **തൊഴിലും പുനരധിവാസവും** |
| | | തേയില, കാപ്പി,ഏലം മേഖലകളുടെ പുനരുദ്ധാരണം സംബന്ധിച്ച് |
| XIII | | **ടൂറിസം** |
| | 1 | വിവിധ ടൂറിസം പദ്ധതികൾക്കായുള്ള ധനസഹായം നേടുന്നതിനായി |
| | 2 | CRZ നിയമങ്ങളിൽ ഭേദഗതിനൽകുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന് |
| | 3 | അന്താരാഷ്ട്ര ടൂറിസ്റ്റുകൾക്ക് എമിഗ്രേഷൻ ക്ലിയറൻസ് എളുപ്പമാക്കുന്നതിലേക്ക് |
| | 4 | ടൂറിസവുമായി ബന്ധപ്പെട്ട് ജല ഗതാഗതത്തിനും ജല കേളികൾക്കും മറ്റും സൗകര്യം ഒരുക്കുന്നതിനായി |
| | 5 | ടൂറിസ്റ്റുകൾക്ക് ഉപയോഗപ്രദമാകുന്ന ഏതാനും പുതിയ റെയിൽ പാതകൾ ഉണ്ടാക്കുന്നതിലേക്കും സെപ്ഷ്യൽ ട്രെയിനുകൾ അനുവദിക്കുന്നതിലേക്കും |
| | 6 | വിസയുമായി ബന്ധപ്പെട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി കേന്ദ്ര വിദേശകാര്യ വകുപ്പിന് |
| XIV | | തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനം |
| XV | | കണ്ണൂർ വിമാനത്താവളത്തിന് അനുമതി ലഭിക്കുന്ന വിഷയം |

തുടങ്ങി സംസ്ഥാനത്തെ ബാധിക്കുന്ന ഒട്ടനവധി വിഷയങ്ങളെക്കുറിച്ചും കേന്ദ്രസഹായം ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം - II

നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച നേട്ടങ്ങൾ താഴെപറയുന്നവയാണ്

**കാർഷിക മേഖല**

വിദർഭ മോഡൽ പാക്കേജ് വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു. ആലപ്പുഴയ്ക്കും ഇടുക്കിയ്ക്കും പ്രത്യേക പാക്കേജ് തത്വത്തിൽ അംഗീകരിച്ചു.

**ജലവിഭവ മേഖല**

ഡോ: എം.എസ്.സ്വാമിനാഥനെ ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്തെ കാർഷിക, മത്സ്യബന്ധന, ജലവിഭവ, വിനോദസഞ്ചാര, പാരിസ്ഥിതിക മേഖലകളെകുറിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ചിരിക്കുന്നു.

**റെയിൽവേ**

റെയിൽവേയ്ക്ക് പാസഞ്ചർ കോച്ചുകൾ നിർമ്മിക്കുന്നതിനായി ആട്ടോകാസ്റ്റ് , സിൽക്ക് എന്നി കമ്പനികളുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുവാൻ റെയിൽവേ തീരുമാനിച്ചു. കൊല്ലത്ത് EMU സ്ഥാപിക്കാൻ തീരുമാനിച്ചു. പുതിയ ട്രെയിനുകൾ, ഗരീബ്രഥ് ഉൾപ്പെടെ അനുവദിക്കാൻ സമ്മതിച്ചു.

**ധനകാര്യ മേഖല**

1500 കോടിരൂപ ആവശ്യപ്പെട്ടതിനു പകരം ലഘുസമ്പാദ്യപദ്ധതിയിൽ നിന്നും മറ്റു വായ്പകളിൽ നിന്നും 1000 കോടി രൂപ എടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നല്കി. ലക്കിവാറ്റ് സ്കീം തുടങ്ങുന്നതിലേയ്ക്കായി 5 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.

**റവന്യൂ മേഖല**

സംസ്ഥാനത്തിന്റെ ഒൻപത് തീരദേശജില്ലകളിൽ സുനാമി പുനരധിവാസത്തിനായി 1441 കോടി രൂപ അനുവദിച്ചു. പ്രകൃതി ക്ഷോഭമേഖലകളിൽ ദീർഘകാല പുനരധിവാസത്തിനായി 40 കോടി രൂപ പ്ലാനിംഗ് കമ്മീഷൻ വാഗ്ദാനം ചെയ്തു. 16 ലക്ഷം രൂപ കപ്പാസിറ്റി ബിൽഡിംഗ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ഇടുക്കി, കാസർഗോഡ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു.

**വ്യവസായ മേഖല**

കൊല്ലത്ത് ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഐ.എസ്.ആർ.ഒ 100 കോടി രൂപ നല്കി. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് (SCL), SAIL ന് കൈമാറുന്ന കാര്യം പരിഗണനയിലാണ്. സംസ്ഥാനത്തെ TELK, NTPC എന്നിവ തമ്മിലും, റെയിൽവേയും ആട്ടോ കാസ്റ്റും സിൽക്കും തമ്മിലും സംയുക്ത സംരംഭങ്ങൾ തുടങ്ങുവാൻ ധാരണയായിട്ടുണ്ട്. കൂടാതെ കെൽടെക് പ്രതിരോധവകുപ്പിന് കൈമാറുന്നതിനും തീരുമാനമായിട്ടുണ്ട്.

**വിവരസാങ്കേതിക വകുപ്പ് (അക്ഷയ പദ്ധതി പ്രകാരം)**

സംസ്ഥാനത്ത് 3128 കോമൺ സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിന് ധാരണയായിട്ടുണ്ട്.

**ടൂറിസം**

താഴെപ്പറയുന്ന ടൂറിസം പദ്ധതികൾക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്.

ഇക്കോടൂറിസം സർക്യൂട്ട്, ധർമ്മടം മുഴപ്പിലങ്ങാട് ബീച്ചിന്റെ വികസനം, പത്മനാഭപുരം കൊട്ടാരത്തിന്റെ സംരക്ഷണം, കുമരകത്തിന്റെ വികസനം, വാഗമണ്ണിന്റെ വികസനം, നെയ്യാർഡാമിന്റെ വികസനം, നിശാഗന്ധി നൃത്തോത്സവത്തിനുള്ള ധനസഹായം, എലിഫന്റ് ഫെസ്റ്റിവലുകൾക്കുള്ള ധനസഹായം, ഇരിങ്ങലിലെ ക്രാഫ്റ്റ് വില്ലേജിന്റെ വികസനം, മലമ്പുഴഡാമിന്റെ വികസനം, വാഴാനിയുടെ വികസനം, റാണിപുരത്ത് ഇക്കോടൂറിസത്തിന്റെ വികസനം, തലശ്ശേരിയുടെയും പരിസരപ്രദേശങ്ങളുടെയും ഹെറിറ്റേജ് സർക്യൂട്ട് വികസനം, പീച്ചിയിൽ ടൂറിസം വികസനം.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.471 — 27-03-2007-ൽ മറുപടിയ്ക്ക്

## നദികളുടെയും കായലുകളുടെയും സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. കെ. അജിത്:<br>ശ്രീ. പള്ളിപ്രം ബാലൻ: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നദികളും കായലുകളും മറ്റും മലിനപ്പെട്ടുകൊണ്ടിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും പ്രകൃതി ദത്തമായ രീതിയിൽ ഇവയെ സംരക്ഷിക്കുന്നതിനുംഎന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നു; | (എ) യും (ബി) യും<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ജല മലിനീകരണം നിയന്ത്രിക്കാൻ 1974 ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരമുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ 10 പ്രമുഖനദികളുടെ മലിനീകരണം തടയുന്നതിനായി കർമ്മപദ്ധതികൾ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പമ്പാനദി മാലിന്യ മുക്തമാക്കുന്നതിനായി പമ്പാ ആക്ഷൻ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിക്കുകയും 1-ാം ഘട്ടം നടപ്പാക്കാൻ അനുമതി നൽകുകയും അതിൻ പ്രകാരം ഒന്നാം ഘട്ടം നടപ്പാക്കിവരുകയും ചെയ്യുന്നു. പെരിയാറിനെ മാലിന്യമുക്തമാക്കുന്നതിനായി |

പെരിയാർ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പെരിയാറിന്റെ ഉത്ഭവം മുതൽ സാഗരസംഗമം വരെ സംരക്ഷിക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി (സേവ് പെരിയാർ പദ്ധതി) ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

വേമ്പനാട് കായലിന്റെ പുനരദ്ധാരണത്തിനും സംരക്ഷണത്തിനുമായി 852 കോടി രൂപയുടെ ഒരു പദ്ധതി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്ക്കരിച്ചു വരുന്നു.

മാലിന്യ നിർമ്മാർജ്ജനം, ജലത്തിന്റെ ഗുണനിലവാരം ഉൾപ്പെടെയുള്ള ബഹുവിധമായ പ്രശ്നങ്ങൾ കൈക്കാര്യം ചെയ്യുന്നതിനും നദീതടങ്ങളുടെ സമഗ്ര വികസനവും നിർവ്വഹണവും ഉദ്ദേശിച്ച് സംസ്ഥാന നദീതട അതോറിറ്റിയും ബോർഡുകളും രൂപവൽക്കരിക്കാനുള്ള ഒരു പദ്ധതി സംസ്ഥാന ജലനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കോഴിക്കോട് സ്ഥിതിചെയ്യുന്ന ജലവികസന വിനിയോഗ കേന്ദ്രത്തിൽ ജലസ്രോതസ്സുകളിലെ മാലിന്യങ്ങളെപ്പറ്റിയുള്ള നിരീക്ഷണവും പഠനങ്ങളും നടത്തിവരുന്നുണ്ട്. 2000-ാം ആണ്ടിലെ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) നിയമ പ്രകാരം നഗരസഭകളിലെല്ലാം ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കപ്പെടുന്നതോടെ ഖരമാലിന്യം നിമിത്തമുള്ള മലിനീകരണം തടയാൻ സാധിക്കുന്നതും സീവേജ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതി

ലൂടെ മലിനജലം നദികളിലെത്തുന്നതും തടയാൻ സാധിക്കുന്നതാണ്. കൂടാതെ വ്യവസായശാലകളിൽ നിന്നുള്ള രാസ മാലിന്യങ്ങളും നദികളിൽ എത്തുന്നത്, ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കണമെന്ന വ്യവസ്ഥ കർശനമാക്കുകയാണെങ്കിൽ, തടയാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇവ എത്ര കാലംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ഡി) | ധനലഭ്യത ഉൾപ്പെടെയുള്ള സാമ്പത്തിക സാങ്കേതിക പരിമിതി ഘടകങ്ങൾ ഉണ്ടെങ്കിലും അവ തരണം ചെയ്ത് കഴിവതും വേഗത്തിൽ ഈ പദ്ധതികൾ പൂർത്തിയാക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. |
| (ഇ) | മലിനീകരണ നിയന്ത്രണ നിയമങ്ങൾ കർശനമാക്കുന്നതിന് നടപടിയെടുക്കുമോ? | (ഇ) | നടപടി എടുത്തിട്ടുണ്ട്. 1974 ലെ ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമത്തിൽ ജലമലിനീകരണം തടയാൻ കർശന വകുപ്പുകൾ ഉണ്ട്. ഇതുപ്രകാരം ജലസ്രോതസ്സുകൾ മലിനമാക്കുന്നത് പിഴയും ആറുവർഷം വരെ തടവുശിക്ഷയും ലഭിക്കാവുന്ന കുറ്റമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 472 — 27-03-2007-ൽ മറുപടിക്ക്

## കോഴി വളർത്തൽ വികസന കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ. സി. രാജഗോപാലൻ<br>**ശ്രീ. കെ. വി. കുഞ്ഞിരാമൻ**<br>**ശ്രീ. ടി. പി. കുഞ്ഞുണ്ണി**<br>**ശ്രീമതി. കെ. കെ. ലതിക** | ശ്രീ. സി. ദിവാകരൻ, (ഭക്ഷ്യവും സിവിൽ സപ്ലൈസ്സും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന കോഴി വളർത്തൽ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) പൗൾട്രി വില്ലേജ്, മുയൽ വളർത്തൽ, **കോഴി വളർത്തൽ** വയനാട് ജില്ലയിൽ, ഗ്രൂപ്പ് **പദ്ധതി**, എസ്. ജി. എസ്. വൈ (സ്വയംതൊഴിൽ) **തുടങ്ങിയവയാണ്** കോർപ്പറേഷൻ **ആവിഷ്കരിച്ചിട്ടുള്ള** പദ്ധതികൾ. |
| (ബി) ഉല്പാദനക്ഷമത കൂടിയ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന കാര്യത്തിൽ കോർപ്പറേഷൻ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഇറച്ചിക്കോഴി വിപണനത്തിന് കോർപ്പറേഷൻ എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ; | (സി) പ്രത്യേക സാമ്പത്തിക സഹായങ്ങളൊന്നും കോർപ്പറേഷൻ നൽകുന്നില്ല. എന്നാൽ ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ നൽകി 45 ദിവസം വരെ വളർത്തി കഴിഞ്ഞതു തിരിച്ചെടുക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. വളർത്തുകൂലിയായി 2 രൂപാ മുതൽ 3 രൂപാ വരെ നൽകി വരുന്നുണ്ട്. |
| (ഡി) വീടുകളോടനുബന്ധിച്ച് കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ പ്രത്യേക പ്രോത്സാഹനം നൽകുമോ? | (ഡി) പ്രോത്സാഹനം നൽകി വരുന്നു. |

പന്ത്രണ്ടാം കേരള നിയമസഭ

<u>നാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമുള്ള
ചോദ്യം നമ്പർ 473 — 27-03-2007-ൽ മറുപടിക്ക്

<u>ഐ.എ.എസും, ഐ.പി.എസും ലഭിച്ച ഉദ്യോഗസ്ഥർ</u>

ചോദ്യം: ശ്രീ. അബ്ദുൾ റഹിമാൻ രണ്ടത്താണി
ശ്രീ. എം. ഉമ്മർ

ഉത്തരം: ശ്രീ. വി.എസ്. അച്യുതാനന്ദൻ
(ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്, ഐ.പി.എസ്. നൽകിയിട്ടുണ്ട്; | (എ) ഐ.എ.എസ്. - 8<br>ഐ.പി.എസ്. - 3 |
| (ബി) അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ; | (ബി) <u>ഐ.എ.എസ്.</u><br>1. ശ്രീ. എം.സി. മോഹൻദാസ്<br>2. ശ്രീ. വി.കെ. ബാലകൃഷ്ണൻ<br>3. ശ്രീ. വി.കെ. ബേബി<br>4. ശ്രീ. എസ്. രവീന്ദ്രൻ<br>5. ശ്രീ. സി. രഘു<br>6. ശ്രീമതി. മിനി ആന്റണി<br>7. ശ്രീ. എ.റ്റി. ജെയിംസ്<br>8. ശ്രീ. പി. വേണുഗോപാൽ<br><u>ഐ.പി.എസ്.</u><br>1. ശ്രീ. രാമദാസൻ പോത്തൻ<br>2. ശ്രീ. കെ.കെ. ജോഷ്വ<br>3. ശ്രീ. പി.കെ. മധു |
| (സി) ഇത് അനുവദിച്ചപ്പോൾ സാമുദായിക സംവരണം പാലിക്കുകയുണ്ടായോ;<br>(ഡി) ഇക്കാര്യത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടോ; എങ്കിൽ ഭാവിയിൽ ഐ.എ.എസ് / ഐ.പി.എസ്. നിയമനങ്ങളിൽ സാമുദായിക സംവരണം പാലിക്കുവാൻ ശ്രദ്ധിക്കുമോ? | (സി) & (ഡി) അഖിലേന്ത്യാ സർവീസിലേക്ക് പ്രമോഷൻ വഴിയും സെലക്ഷൻ വഴിയും നിയമനം നൽകുന്നതിന് സാമുദായിക സംവരണം പാലിക്കണമെന്ന നിയമം നിലവിലില്ല. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമുള്ള ചോദ്യം നമ്പർ: 474 27.3.2007-ൽ മറുപടിയ്ക്ക്

## ലോകസഭ/അസംബ്ളി മണ്ഡലങ്ങളുടെ പുന:ക്രമീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു, എം.എൽ.എ. | ശ്രീ. വി.എസ്. അച്യുതാനന്ദൻ (ബഹു: മുഖ്യമന്ത്രി) |
| (എ) അസംബ്ളി/പാർലമെൻറ് മണ്ഡലങ്ങളുടെ ഡീലിമിറ്റേഷൻെറ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിൽ ആണ് എന്ന് വിശദീകരിക്കുമോ? | (എ) ലോകസഭ/അസംബ്ളി മണ്ഡലങ്ങളുടെ പുനക്രമീകരണം സംബന്ധിച്ച ഡീലിമിറ്റേഷൻ കമ്മീഷൻെറ 31.5.2005-ലെ 282/കെ.എൽ./05 എന്ന നമ്പരിലുള്ള വിജ്ഞാപനം 31.5.2005-ൽ തന്നെ 1822/ഇഎൽ.3/2002/ഇലക്. എന്ന നമ്പർ പ്രകാരം സംസ്ഥാന സർക്കാർ പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഡീലിമിറ്റേഷൻ കമ്മീഷൻെറവിജ്ഞാപനം അനുസരിച്ചുള്ള പുനർനിർണ്ണയം പ്രാബല്യത്തിൽ വരുന്നത് ബഹു: ഇൻഡ്യൻ പ്രസിഡൻറിൻെറ അനുമതി ലഭിക്കുന്ന തീയതി മുതൽക്കാണ്. |
| (ബി) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേരളത്തിൽ എത്ര പാർലമെൻറ് മണ്ഡലങ്ങളും അസംബ്ളി മണ്ഡലങ്ങളുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. | (ബി) ഇല്ല. |
| (സി) അസംബ്ളി മണ്ഡലങ്ങളുടെ പുന:ക്രമീകരണത്തിന് സംസ്ഥാന സർക്കാർ എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഡീലിമിറ്റേഷൻ കമ്മറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.475** — **27-03-2007-ൽ മറുപടിയ്ക്ക്**

### കെട്ടിട നികുതി പരിഷ്ക്കരണം

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) | കെട്ടിട നികുതി പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ നികുതി ഘടനയിൽ ഏതെല്ലാം വിധത്തിലുള്ള മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) | നിലവിലുള്ള വാർഷിക വാടകയുടെ അടിസ്ഥാനത്തിലുള്ള നികുതി ഒഴിവാക്കി പ്ലിന്ത് ഏര്യായുടെ (തറ വിസ്തീർണ്ണം) അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിനായി ഒരു ച.മീ. തറ വിസ്തീർണ്ണത്തിന് നിശ്ചയിക്കേണ്ട വാർഷിക നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്ക്, കെട്ടിടം സ്ഥിതി ചെയ്യുന്ന സോണുകൾ,കെട്ടിടങ്ങളുടെ ഉപയോഗം, കെട്ടിടത്തിലേക്കുള്ള റോഡ് സാമീപ്യം, കെട്ടിടങ്ങളുടെ മേൽക്കൂരയുടെയും തറയുടെയും ചുവരുകളുടെയും നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ സ്വഭാവം, കെട്ടിടത്തിന്റെ പഴക്കം എന്നിവയുടെ അടിസ്ഥാനത്തിലാണ് വസ്തു നികുതി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | നിലവിലുള്ളതിന്റെ എത്ര ശതമാനം വരെ നികുതി വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; | (സി) | എത്ര ശതമാനം വരെ വർദ്ധനവ് വരുമെന്ന് കണക്കാക്കിയിട്ടില്ല. |
| (ഡി) | നികുതികൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ച് തദ്ദേശ [redacted]ഭരണ സ്ഥാപനങ്ങളുടെ സേവനവും മെച്ചപ്പെടുത്താൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുമോ? | (ഡി) | നികുതികൾ പരിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.476 27-03-2007-ൽ മറുപടിക്ക്

**ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>പ്രൊഫ.കെ.വി.തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.മുരളി | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ സഹായത്തോടെ ഏതെല്ലാം നഗരങ്ങൾ വികസിപ്പിക്കുവാനുള്ള പദ്ധതികളാണ് സംസ്ഥാനം സമർപ്പിച്ചത്; ഈ പദ്ധതികൾ അംഗീകരിച്ചുകഴിഞ്ഞോ; | എ) കേരളത്തിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളെ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. കൊച്ചി നഗരത്തിന്റെ വികസനത്തിനായി സമർപ്പിച്ച പദ്ധതികളിൽ ജലവിതരണം - ഘട്ടം-1(201 കോടി), ഖരമാലിന്യ സംസ്കരണം (88 കോടി), നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി (26.21 കോടി) എന്നിവ കേന്ദ്ര സർക്കാർ അംഗീകരിച്ചു. തിരുവനന്തപുരം നഗരസഭ സമർപ്പിച്ച പദ്ധതികളിൽ 42.49 കോടി രൂപ അടങ്കൽ തുകയുള്ള നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ സംസ്ഥാനത്തിന് നഗരവികസനത്തിനായി എന്ത് തുക ലഭിക്കും; | ബി) ഇതുവരെ അംഗീകരിച്ചിട്ടുള്ള പദ്ധതികൾക്കായി 320.90 കോടി രൂപയാണ് ലഭിക്കുന്നത്. |
| സി) ഈ തുക തിരിച്ചു നൽകേണ്ടതുണ്ടോ; | സി) ഈ തുക കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായിട്ടാണ് ലഭിക്കുന്നത്. തിരുവനന്തപുരം നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള തുകയിൽ 80 ശതമാനം കേന്ദ്രസർക്കാർ ഗ്രാന്റും 20 ശതമാനം സംസ്ഥാന സർക്കാരും നഗരസഭയും സംയുക്ത |

| | | | |
|---|---|---|---|
| | | | മായി വഹിക്കേണ്ടതാണ്. കൊച്ചി നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള തുകയിൽ 50 ശതമാനം കേന്ദ്രസർക്കാർ ഗ്രാന്റും 50 ശതമാനത്തിൽ 30% സംസ്ഥാന സർക്കാരും 20% നഗരസഭയും സംയുക്തമായി വഹിക്കേണ്ടതാണ്. |
| ഡി | ഈ നഗരങ്ങളുടെ വികസനത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്ത്; | ഡി) | ആദ്യഘട്ടത്തിൽ തയ്യാറാക്കിയ പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവ തയ്യാറാക്കി കൊണ്ടിരിക്കുന്നു. കാലതാമസം ഉണ്ടായിട്ടില്ല. |
| ഇ | സംസ്ഥാനം സമർപ്പിച്ച പദ്ധതിരൂപരേഖ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ നഗരത്തിന്റെയും വികസനത്തിന് ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റിന്യുവൽ മിഷനിൽ നിന്നും എന്ത് തുക വീതം ലഭിക്കും? | ഇ | കൊച്ചി നഗരസഭയുടെ അംഗീകരിക്കപ്പെട്ട മൂന്നു പദ്ധതികളുടെ അടങ്കൽ തുകയായ 315.61 കോടിയുടെ 50% (157.805 കോടി രൂപ) കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്. തിരുവനന്തപുരം നഗരസഭയ്ക്കായി അംഗീകരിക്കപ്പെട്ട 42.49 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് 80% (33.99കോടി രൂപ) ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:*477** 27.03.2007-ൽ മറുപടിയ്ക്ക്

## ഭൂചലനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ.വി.സുരേന്ദ്രൻ പിള്ള | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന ഭൂചലനങ്ങൾ നിരിക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ഏതൊക്കെ ഏജൻസികളാണ് പ്രവർത്തിക്കുന്നത്; | (എ) | സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ഇൻഡ്യൻ മീറ്റിരിയോ ളജിക്കൽ ഡിപ്പാർട്ടുമെന്റ്, സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എന്നീ ഏജൻസികളാണ് പ്രവർത്തി ക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് എവിടെയെല്ലാം സീസ്മോ ഗ്രാഫുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ ഇടുക്കി, കുളമാവ്, ആലടി, പള്ളം, മീൻകട്ട്, പമ്പ, ഇടമലയാർ, ഷോളയാർ, പെരിങ്ങൽകുത്ത്, കുട്ടമ്പുഴ, വള്ളക്കടവ്, ചോറ്റുപാറ, പീച്ചി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലാണ് സീസ്മോഗ്രാഫ് സ്ഥാപിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ശാസ്ത്ര സാങ്കേതിക വകുപ്പ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. എന്നാൽ, പീച്ചിയിലുള്ള സെസ്സിന്റെ സ്റ്റേഷൻ സെസ്സും ഇൻഡ്യൻ മീറ്റിരിയോളജിക്കൽ ഡിപ്പാർട്ടു മെന്റും, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും ചേർന്ന് സംയുക്തമായാണ് നിയന്ത്രിക്കുന്നത്. |
| (ഡി) | വിവിധ ഏജൻസികളുടെ പ്രവർത്ത നത്തിലെ ഏകോപനമില്ലായ്മ മൂലം സംസ്ഥാനത്തെ ഭൂചലന സാദ്ധ്യതകൾ തെറ്റായി വിലയിരുത്തപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. ഭൂചലനം രേഖപ്പെടുത്തുന്ന ഉപകരണങ്ങളുടെ വ്യത്യസ്തത കൊണ്ട് ഭൂചലന തീവ്രതയിൽ നേരിയ വ്യതിയാനങ്ങൾ വരുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തെറ്റായ വിലയിരുത്തലായി കണക്കാക്കാനാവില്ല. |
| (ഇ) | എങ്കിൽ ഇത് പരിഹരിക്കുവാൻ ശാസ്ത്ര സാങ്കേതിക വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ- 478

27/03/2007-ൽ വാങ്മൂലം മറുപടി നൽകേണ്ടത്

## പൂർണ്ണതോതിൽ നികുതി പിരിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. പി.ടി.എ. റഹിം | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതു; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് ശക്തിപ്പെടുത്തുന്നതിന് എല്ലാ മാസവും ബന്ധപ്പെട്ട ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ അവലോകന യോഗം നടത്തി നികുതിപിരിവ് പുരോഗതി വിലയിരുത്തുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും വീടുവീടാന്തരമുള്ള നികുതി പിരിവും ക്യാമ്പ് കളക്ഷൻ സമ്പ്രദായവും നടപ്പിലാക്കുകയും ചെയ്തിട്ടുമുണ്ട്.<br><br>സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഉൾപ്പെടെ) കുടിശ്ശികയുള്ള കെട്ടിട നികുതി (വസ്തു നികുതി) പിഴപലിശ ഒഴിവാക്കി ഒറ്റത്തവണയായി 31-03-2007 ന് മുൻപായി അടവാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകളിൽ നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ടാക്സ് മാപ്പിംഗ് നടപ്പാക്കാൻ നടപടി തുടങ്ങിയിട്ടുണ്ടു്.<br><br>നഗരസഭകളിൽ നികുതി പിരിവിന്റെ കൃത്യത പരിശോധിക്കുന്നതിന് സഹായകരമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം 2007 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്നുണ്ടു്. |
| (ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നൂറു ശതമാനം നികുതി പിരിവ് പൂർത്തിയാക്കിയത്; | (ബി) നൂറു ശതമാനം നികുതിപിരിവ് പൂർത്തിയാക്കിയ ഗ്രാമ പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ടു്.<br><br>കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി തൊഴിൽ നികുതി നൂറു ശതമാനം പിരിച്ചിട്ടുണ്ടു്. കൂടാതെ പരസ്യ നികുതി ഇനത്തിൽ നൂറു ശതമാനം നികുതി പിരിവ് |

നടത്തിയ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും ഇവയാണ്. വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി, മാവേലിക്കര, ചെങ്ങന്നൂർ, പുനലൂർ, തിരുവല്ല, ആറ്റിങ്ങൽ, തിരുവനന്തപുരം,അങ്കമാലി, നോർത്ത് പറവൂർ, കോതമംഗലം, കളമശ്ശേരി, തൃപ്പൂണിത്തുറ, തൃശ്ശൂർ, കൊടുങ്ങല്ലൂർ, ചാലക്കുടി, ചാവക്കാട്, ഷൊർണ്ണൂർ, ഒറ്റപ്പാലം, കുന്നംകുളം, തൊടുപുഴ, കാസർഗോഡ്, കാഞ്ഞങ്ങാട്, കൂത്തുപറമ്പ്, പയ്യന്നൂർ, തലശ്ശേരി, മട്ടന്നൂർ, തിരൂർ, പെരുന്തൽമണ്ണ.

എല്ലാ നഗരസഭകളും വിനോദ നികുതി ഇനത്തിൽ നൂറു ശതമാനം നികുതി പിരിവ് നടത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) നൂറു ശതമാനം നികുതി പിരിവ് പൂർത്തിയാക്കിയ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പ്രോത്സാഹനം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നികുതി വർദ്ധനവ് കാണിക്കുന്ന പഞ്ചായത്തുകൾക്ക് ഇൻസന്റീവ് നൽകുന്ന കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

നികുതി പിരിവ് ഉൾപ്പെടെയുള്ള ഘടകങ്ങൾ കണക്കിലെടുത്താണ് മികച്ച നഗര സഭകളെയും, ഗ്രാമ പഞ്ചായത്തുകളെയും തിരഞ്ഞെടുക്കുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നൂറു ശതമാനം നികുതി പിരിച്ച ഗ്രാമ പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള എണ്ണം

#### (1) തിരുവനന്തപുരം - 2 എണ്ണം

1. കാരോട്
2. പുല്ലിമാത്ത്

#### (2) കൊല്ലം - 29 എണ്ണം

1. പൂതക്കുളം
2. നെടുമ്പന
3. തൃക്കരുവ
4. പനയം
5. തെക്കുംഭാഗം
6. ചവറ
7. പൻമന
8. നീണ്ടകര
9. കരുനാഗപ്പള്ളി
10. തൊടിയൂർ
11. തഴവ
12. ഓച്ചിറ
13. ക്ലാപ്പന
14. കുലശേഖരപുരം
15. മൈനാഗപ്പള്ളി
16. ശാസ്താംകോട്ട
17. പടിഞ്ഞാറെകല്ലട
18. ശൂരനാട് വടക്ക്
19. ശൂരനാട് തെക്ക്
20. വെളിനല്ലൂർ
21. പോരുവഴി
22. മേലില
23. കുളക്കട
24. തലവൂർ
25. പട്ടാഴി-വടക്കേക്കര
26. അലയമൺ
27. കരവാളൂർ
28. കുണ്ടറ
29. മൺറോതുരുത്ത്

#### (3) ആലപ്പുഴ - 10 എണ്ണം

1. കടക്കരപ്പള്ളി
2. കഞ്ഞിക്കുഴി
3. മുഹമ്മ
4. ദേവികുളങ്ങര
5. കുമാരപുരം
6. പത്തിയൂർ
7. ബുധനൂർ
8. ചെറിയനാട്
9. പാണ്ടനാട്
10. ഭരണിക്കാവ്

#### (4) പത്തനംതിട്ട - 5 എണ്ണം

1. കവിയൂർ
2. മെഴുവേലി
3. നെടുമ്പ്രം
4. കോഴഞ്ചേരി
5. വള്ളിക്കോട്

#### (5) കോട്ടയം - ഇല്ല

#### (6) ഇടുക്കി - ഇല്ല

.....2/

## (7) എറണാകുളം - 13 എണ്ണം

| | | |
|---|---|---|
| 1. ചേന്ദമംഗലം | 2. എടയ്ക്കാട്ടുവയൽ | 3. ഐക്കരനാട് |
| 4. കുട്ടമ്പുഴ | 5. മണീട് | 6. മാറാടി |
| 7. മഴുവന്നൂർ | 8. മുളന്തുരുത്തി | 9. നായരമ്പലം |
| 10. ഞാറയ്ക്കൽ | 11. പാലക്കുഴ | 12. തിരുവാംകുളം |
| 13. വടക്കേക്കര | | |

## (8) തൃശ്ശൂർ - 21 എണ്ണം

| | | |
|---|---|---|
| 1. അടാട്ട് | 2. അവണൂർ | 3. ചേലക്കര |
| 4. ചൊവ്വന്നൂർ | 5. എടവിലങ്ങ് | 6. എരുമപ്പെട്ടി |
| 7. കടപ്പുറം | 8. കാടുകുറ്റി | 9. കാട്ടൂർ |
| 10. കോലഴി | 11. കുഴൂർ | 12. മുരിയാട് |
| 13. പാറളം | 14. പൂമംഗലം | 15. പുതുക്കാട് |
| 16. തൈക്കാട് | 17. തെക്കുംകര | 18. തോളൂർ |
| 19. വടക്കേക്കാട് | 20. വേലൂർ | 21. വെങ്കിടങ്ങ് |

## (9) പാലക്കാട് - 12 എണ്ണം

| | | |
|---|---|---|
| 1. തിരുവേഗപ്പുറ | 2. വിളയൂർ | 3. കൊപ്പം |
| 4. ശ്രീകൃഷ്ണപുരം | 5. കോട്ടായി | 6. തച്ചമ്പാറ |
| 7. പട്ടഞ്ചേരി | 8. വടവന്നൂർ | 9. പല്ലശ്ശന |
| 10. ആലത്തൂർ | 11. തെങ്കുറിശ്ശി | 12. മുതുതല |

## (10) മലപ്പുറം - 20 എണ്ണം

| | | |
|---|---|---|
| 1. ഇരുമ്പിളിയം | 2. എ.ആർ. നഗർ | 3. എടരിക്കോട് |
| 4. എടപ്പാൾ | 5. എടയൂർ | 6. കോഡൂർ |
| 7. കോട്ടക്കൽ | 8. ചീക്കോട് | 9. ചേലേമ്പ്ര |
| 10. തലക്കാട് | 11. തേഞ്ഞിപ്പാലം | 12. നന്നംമ്പ്ര |
| 13. പെരുമ്പടപ്പ് | 14. പൊൻമുണ്ടം | 15. പോരൂർ |
| 16. മക്കരപറമ്പ് | 17. മേലാറ്റൂർ | 18. വളാഞ്ചേരി |
| 19. പെരുമണ്ണ-ക്ലാരി | 20. ഒതുക്കുങ്ങൽ | |

## (11) കോഴിക്കോട് - 22 എണ്ണം

| | | |
|---|---|---|
| 1. അത്തോളി | 2. ചാത്തമംഗലം | 3. ചെക്യാട് |
| 4. ചേമഞ്ചേരി | 5. ചേങ്ങോട്ടുകാവ് | 6. ചോറോട് |
| 7. കായക്കൊടി | 8. കാവിലുംപാറ | 9. കൊടുവള്ളി |
| 10. കൂത്താളി | 11. കുന്നുമ്മൽ | 12. കുറ്റ്യാടി |
| 13. മടവൂർ | 14. മൂടാടി | 15. നാദാപുരം |
| 16. പനങ്ങാട് | 17. പെരുവയൽ | 18. പുറമേരി |
| 19. തിരുവള്ളൂർ | 20. തൂണേരി | 21. ഉള്ള്യേരി |
| 22. വില്യാപ്പള്ളി | | |

## (12) കണ്ണൂർ - 80 എണ്ണം

| | | |
|---|---|---|
| 1. ചെറുതാഴം | 2. ഏഴോം | 3. കുഞ്ഞിമംഗലം |
| 4. മാടായി | 5. മാട്ടൂൽ | 6. രാമന്തളി |
| 7. കടന്നപ്പള്ളി-പാണപ്പുഴ | 8. കാങ്കോൽ-ആലപടമ്പ് | 9. കരിവെള്ളൂർ-പെരളം |
| 10. എരമം-കുറ്റൂർ | 11. പെരിങ്ങോം-വയക്കര | 12. ചെറുപുഴ |
| 13. പട്ടുവം | 14. ചെറുകുന്ന് | 15. കല്ല്യാശ്ശേരി |
| 16. കണ്ണപുരം | 17. പാപ്പിനിശ്ശേരി | 18. ചെങ്ങളായി |
| 19. കുറുമാത്തൂർ | 20. പരിയാരം | 21. നാറാത്ത് |
| 22. ചപ്പാരപ്പടവ് | 23. നടുവിൽ | 24. ഉദയഗിരി |
| 25. ആലക്കോട് | 26. ഇരിക്കൂർ | 27. എരുവശ്ശി |
| 28. മലപ്പട്ടം | 29. പയ്യാവൂർ | 30. കൊളച്ചേരി |
| 31. കുറ്റ്യാട്ടൂർ | 32. മയ്യിൽ | 33. ശ്രീകണ്ഠപുരം |
| 34. പടിയൂർ | 35. ഉളിക്കൽ | 36. ചിറക്കൽ |
| 37. പള്ളിക്കുന്ന് | 38. പുഴാതി | 39. വളപട്ടണം |
| 40. അഴീക്കോട് | 41. അഞ്ചരക്കണ്ടി | 42. എടക്കാട് |
| 43. എളയാവൂർ | 44. കടമ്പൂർ | 45. മുഴപ്പിലങ്ങാട് |
| 46. ചേലോറ | 47. ചെമ്പിലോട് | 48. മുണ്ടേരി |
| 49. പെരളശ്ശേരി | 50. ധർമ്മടം | 51. എരഞ്ഞോളി |
| 52. കതിരൂർ | 53. കോട്ടയം | 54. പിണറായി |
| 55. ചൊക്ലി | 56. കരിയാട് | 57. പെരിങ്ങളം |
| 58. ന്യൂമാഹി | 59. മൊകേരി | 60. പന്ന്യന്നൂർ |
| 61. പാനൂർ | 62. തൃപ്രങ്ങോട്ടൂർ | 63. ചിറ്റാരിപറമ്പ് |
| 64. കുന്നോത്തുപറമ്പ് | 65. മാങ്ങാട്ടിടം | 66. പാട്യം |
| 67. വേങ്ങാട് | 68. ആറളം | 69. അയ്യൻകുന്ന് |
| 70. തില്ലങ്കേരി | 71. കൂടാളി | 72. പായം |
| 73. കീഴൂർ-ചാവശ്ശേരി | 74. കണിച്ചാർ | 75. കേളകം |
| 76. കൊട്ടിയൂർ | 77. മുഴക്കുന്ന് | 78. കോളയാട് |
| 79. മാലൂർ | 80. പേരാവൂർ | |

## (13) വയനാട് - 7 എണ്ണം

| | | |
|---|---|---|
| 1. കോട്ടത്തറ | 2. മേപ്പാടി | 3. മൂപ്പൈനാട് |
| 4. മുട്ടിൽ | 5. പൊഴുതന | 6. തവിഞ്ഞാൽ |
| 7. വേങ്ങപ്പള്ളി | | |

## (14) കാസറഗോഡ് - 6 എണ്ണം

| | | |
|---|---|---|
| 1. ബെള്ളൂർ | 2. മധൂർ | 3. അജാനൂർ |
| 4. മടിക്കൈ | 5. കയ്യൂർ-ചീമേനി | 6. പടന്ന |

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.479 27-03-2007-ൽ മറുപടിക്ക്

## നഗരസഭാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാഴിക്കാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരസഭകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ, ഏതൊക്കെ നഗരസഭകൾക്കുവേണ്ടി എത്ര കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; | ബി) തിരുവനന്തപുരം നഗരസഭയ്ക്കു വേണ്ടി 675.46 കോടി രൂപയുടെയും കൊച്ചി നഗരസഭയ്ക്കു വേണ്ടി 659.87 കോടി രൂപയുടെയും പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. |
| സി) ഏതൊക്കെ പ്രോജക്ടുകളാണ് പ്രധാനമായും നൽകിയിരുന്നത്; | സി) തിരുവനന്തപുരം :- ശുദ്ധജലവിതരണം, മലിനജല സംസ്കരണം, സ്റ്റോംവാട്ടർ ഡ്രെയിനേജ്, പരിസ്ഥിതി, ഖരമാലിന്യ സംസ്കരണം, ഗതാഗതം.<br>കൊച്ചി :- നഗര അടിസ്ഥാനസൗകര്യ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, പൈതൃക സംരക്ഷണം, വിനോദസഞ്ചാര വികസനം, നഗര ഇ-ഗവേണൻസ്, ധനകാര്യ മാനേജ്മെന്റ് എന്നീ മേഖലകൾക്കാണ് പദ്ധതികൾ സമർപ്പിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | കേന്ദ്ര നഗരവികസന മന്ത്രാലയം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത പ്രോജക്ടുകൾ സമർപ്പിച്ചിട്ടുള്ളത്; | ഡി) | അതെ. എന്നാൽ തിരുവനന്തപുരം നഗരസഭയുടെ ശുദ്ധജലവിതരണം, മലിനജല സംസ്കരണം എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ പാലിച്ചില്ല എന്ന കാരണത്താൽ പ്രോജക്ട് പരിഷ്കരിച്ച് വീണ്ടും സമർപ്പിക്കേണ്ടിവന്നു. |
| ഇ | സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതികൾ പ്രകാരം കേന്ദ്രത്തിൽ നിന്നും എത്ര കോടി രൂപയുടെ സഹായം ലഭിച്ചുവെന്ന് അറിയിക്കുമോ? | ഇ | അനുവദിച്ച പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ഉടൻ തന്നെ ധനസഹായം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 480 — 27-3-2007-ൽ മറുപടിക്ക്

## മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഭക്ഷ്യ വസ്തുക്കൾ

**ചോദ്യം**

ശ്രീ. യു.സി. രാമൻ
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) ഏതെല്ലാം ഭക്ഷ്യവസ്തുക്കളാണ് മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്നത്;

(എ) ചെറുപയർ, വൻകടല, ഉഴുന്ന്, മല്ലി, ജീരകം, ഉലുവ, കടുക്, പഞ്ചസാര മുതലായവയാണ് പ്രധാനമായും മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നത്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വീതം ഭക്ഷ്യവസ്തുക്കൾ വാങ്ങിയിട്ടുണ്ട്; ഇനംതിരിച്ചു വെളിപ്പെടുത്തുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ (2006 ഏപ്രിൽ 1 മുതൽ 2007 ഫെബ്രുവരി വരെ ഇ-ടെൻഡർ പ്രകാരം വാങ്ങിയ ഇനങ്ങളുടെ അളവ് താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ചെറുപയർ | - 182705 | ക്വിന്റൽ |
| 2. | വൻകടല | - 76654 | " |
| 3. | ഉഴുന്ന് | - 89075 | " |
| 4. | ഉഴുന്ന്പൊളി | - 7440 | " |
| 5. | തുവര | - 68235 | " |
| 6. | പീസ് പരിപ്പ് | - 15363 | " |
| 7. | വൻപയർ | - 54325 | " |
| 8. | മുളക് | - 51511 | " |
| 9. | മല്ലി | - 40047 | " |
| 10. | ജീരകം | - 2151 | " |
| 11. | കടുക് | - 19079 | " |
| 12. | ഉലുവ | - 8310 | " |
| 13. | പഞ്ചസാര | - 312600 | " |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന് പുറത്തു നിന്നുവരുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | (സി) | സപ്ലൈകോ ടെൻഡർ പ്രകാരം സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി മാത്രമേ സാധനങ്ങൾ എല്ലാ ഡിപ്പോകളിലും സ്വീകരിക്കാറുള്ളൂ. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വളരെ വിശദമായ ഗുണനിലവാര മാനദണ്ഡങ്ങൾ ഓരോ ടെൻഡറിനൊപ്പവും സപ്ലൈയേഴ്സിന് നൽകുന്നുണ്ട്. അതനുസരിച്ചുള്ള സാധനങ്ങൾ മാത്രമാണ് ഡിപ്പോകളിൽ സ്വീകരിക്കുന്നത്. ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വിഷയങ്ങളിൽ യോഗ്യതയുള്ള പരിശീലനം ലഭിച്ച ജൂനിയർ മാനേജർ (ക്വാളിറ്റി അഷ്വറൻസ്) കൺവീനറായി ഒരു മൂന്നംഗ കമ്മിറ്റി ഓരോ ഡിപ്പോയിലും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | പരിശോധനയിൽ നിലവാരം കുറഞ്ഞതിന്റെ പേരിൽ ഏതെങ്കിലും സാധനങ്ങൾ തിരിച്ചയച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | ഗുണനിലവാര പരിശോധനയിൽ നിലവാരം പുലർത്താത്ത സാധനങ്ങൾ സ്വീകരിക്കാറില്ല. വിതരണക്കാർ അവയ്ക്കു പകരം ഗുണനിലവാരമുള്ള സാധനങ്ങൾ മാറ്റിത്തരാറുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തി മാത്രമേ സാധനങ്ങൾ എല്ലാ ഡിപ്പോകളിലും സ്വീകരിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ